# ഭരണഘടന

**ആർട്ടിക്കിൾ I**

**പേര്** :

പാർട്ടിയുടെ പേര് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ) റെഡ് സ്റ്റാർ എന്നായിരിക്കും.

**ആർട്ടിക്കിൾ II**

**ചിഹ്നം** :

പാർട്ടിയുടെ ചിഹ്നം ചുവന്ന പശ്ചാത്തലത്തിൽ സാർവ്വ ദേശീയ തൊഴിലാളി വർഗ്ഗത്തിന്റെ അടയാളമായ വെളുത്ത നിറത്തിലുള്ള ചുറ്റികയും അരിവാളും അതിന്റെ ചുവട്ടിൽ ഇടതുവശത്ത് മട്ടത്രികോണാകൃതിയിൽ വെളുത്ത നിറത്തിലുള്ള അഞ്ചു നക്ഷത്രങ്ങളും.

**ആർട്ടിക്കിൾ III**

**കൊടി**:

പാർട്ടിയുടെ കൊടി ദീർഘ ചതുരാകൃതിയിൽ 3:2 എന്ന അനുപാതത്തിൽ നീളവും വീതിയുമുള്ളതും കൊടിമരത്തിൽ ചേർന്നിട്ടുള്ള ആദ്യത്തെ കാൽഭാഗത്ത് മുകളിൽ മദ്ധ്യത്തു വെള്ള നിറത്തിൽ ചുറ്റികയും അരിവാളും അതിനു ചുവട്ടിൽ മട്ടത്രികോണ ആകൃതിയിൽ അഞ്ചു നക്ഷത്രങ്ങളും ആലേഖനം ചെയ്തതുമായിരിക്കും.

**ആർട്ടിക്കിൾ IV**

**മാർഗ്ഗദർശക പ്രത്യയശാസ്ത്രവും പൊതുപരിപാടിയും**

1. ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ മുന്നണി പടയായ സിപിഐ (എംഎൽ) റെഡ്സ്റ്റാർ മാർക്സിസം -ലെനിനിസം-മാവോസേതുങ് ചിന്ത അതിന്റെ മാർഗ്ഗദശക പ്രത്യയശാസ്ത്രമായി ഉയർത്തിപിടിക്കുകയും എല്ലാ രൂപങ്ങളിലുമുള്ള തിരുത്തൽവാദ, വിഭാഗീയ പ്രവണതകൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടിക്കൊണ്ട് അതിനെ ഇന്ത്യയുടെ സമൂർത്ത സാഹചര്യങ്ങളിൽ പ്രയോഗിക്കാനും ഉദ്ഗ്രഥിക്കാനും നിരന്തരം ശ്രമിക്കുകയും ചെയ്യുന്നു.
2. ജനകീയ ജനാധിപത്യ വിപ്ലവ കടമകൾ പൂർത്തീകരിക്കാനും ജനകീയ ജനാധിപത്യ സർവ്വാധിപത്യം സ്ഥാപിക്കുവാനും പാർട്ടി പ്രതിജ്ഞാബദ്ധമാണ്. ജനകീയ ജനാധിപത്യ വിപ്ല വഘട്ടത്തിൽ പാർട്ടിയുടെ മുന്നിലെ കടമ സാമ്രാജ്യത്വത്തെ സേവിക്കുന്ന ദല്ലാർ ഉദ്യോ ഗസ്ഥ മേധാവിത്വ ബൂർഷ്വാ ഭൂപ്രഭു വർഗ്ഗങ്ങളുടെ ഭരണം തൂത്തെറിയുകയും നിലവിലുള്ള പിന്തിരിപ്പൻ ഭരണകൂടത്തിന്റെ സ്ഥാനത്ത് തൊഴിലാളി വർഗ്ഗത്താൽ നയിക്കപ്പെടുന്ന ജന കീയ ജനാധിപത്യ ഭരണകൂടത്തെ സ്ഥാപിക്കുകയുമാണ്. പാർട്ടിയുടെ അടിസ്ഥാന പരി പാടി ജനകീയ ജനാധിപത്യവിപ്ലവം പൂർത്തീകരിക്കുകയും സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് മുന്നേറാനാവുംവിധം തൊഴിലാളി വർഗ്ഗസർവ്വാധിപത്യത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടി സ്ഥാനത്തിൽ സോഷ്യലിസവും കമ്മ്യൂണിസവും സാക്ഷാത്കരിക്കാൻ മുന്നേറുകയും ചെയ്യുക എന്നതാണ്.
3. സിപിഐ(എംഎൽ) തൊഴിലാളി വർഗ്ഗത്തിന്റെ സാർവ്വദേശീയത ഉയർത്തിപിടിക്കുന്നു. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികളും സംഘടനകളും സംഘടനകളും തമ്മിലുള്ള ബന്ധത്തെ നയിക്കുന്ന മാർഗ്ഗനിർദ്ദേശക തത്വങ്ങൾ തുല്യതയും സാഹോദര്യവും ആയിരിക്കും.

4. സിപിഐ (എംഎൽ) എല്ലാ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളേയും ഐക്യപ്പെടുത്തി ക്കൊണ്ട് ബോൾഷെവിക് രീതിയിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുവാൻ പരിശ്രമി ക്കുന്നതാണ്.

## ആർട്ടിക്കിൾ V

### പാർട്ടി അംഗത്വം

1. പാർട്ടി പരിപാടിയും ഭരണഘടനയും അംഗീകരിക്കുന്ന, പാർട്ടിയുടെ ഏതെങ്കിലുമൊരു ഘടകത്തിൽ പ്രവർത്തിക്കാൻ സമ്മതിക്കുന്ന, പാർട്ടി മെമ്പർഷിപ്പ്, ലവി കൃത്യമായി അടയ്ക്കുന്ന, പാർട്ടി തീരുമാനങ്ങൾ നടപ്പാക്കാൻ സന്നദ്ധനായ പതിനെട്ട് വയസ്സ് തികഞ്ഞ ഏതൊരു ഇന്ത്യൻ പൗരനും പാർട്ടി അംഗത്വത്തിന് യോഗ്യനായിരിക്കും.

2. പുതിയ അംഗങ്ങളെ പാർട്ടിയിലേക്ക് ചേർക്കുന്നത് പാർട്ടി ബ്രാഞ്ച് വഴിയോ പാർട്ടിയുടെ മറ്റു കമ്മിറ്റികൾ വഴിയോ രണ്ടു പാർട്ടി അംഗങ്ങളുടെ ശുപാർശയോടെ നൽകുന്ന വ്യക്തിപരമായ അപേക്ഷയിലൂടെയാണ്. ലോക്കൽ/ടൗൺ, താലൂക്ക്/ബ്ലോക്ക് അല്ലെങ്കിൽ ഏരിയ, ജില്ല, സംസ്ഥാന, കേന്ദ്ര കമ്മിറ്റികൾക്കും പാർട്ടിയിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുന്നതിന് അധികാരമുണ്ടായിരിക്കും. ഒരു അപേക്ഷകനെ ശുപാർശ ചെയ്യുന്ന പാർട്ടി അംഗം, ബന്ധപ്പെട്ട പാർട്ടി കമ്മിറ്റിക്ക് ഉത്തരവാദിത്വ ബോധത്തോടെയുള്ളതും സത്യസന്ധവുമായ വിവരങ്ങൾ നൽകേണ്ടതാണ്. പാർട്ടി അംഗത്വത്തിനുള്ള എല്ലാ അപേക്ഷകളും അതാത് കമ്മറ്റിയിൽ അവയുടെ സമർപ്പണത്തിനും ശുപാർശയ്ക്കും ശേഷമുള്ള ഒരു മാസത്തിനകം ബന്ധപ്പെട്ട മേൽ കമ്മിറ്റിയുടെ മുമ്പാകെ വെക്കേണ്ടതാണ്.

3. പുതിയ അംഗങ്ങളെ ചേർക്കുമ്പോൾ, ചില സവിശേഷ സാഹചര്യങ്ങളിലൊഴിച്ച് വർഗ്ഗ/ബഹുജന സംഘടന കളിൽ പ്രവർത്തിക്കുന്നവരെയും ഒരു പാർട്ടി കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന അനുഭാവി ഗ്രൂപ്പിൽ നിന്നോ, പ്രവർത്തക ഗ്രൂപ്പിൽ നിന്നോ ഉള്ളവരെയുമായിരിക്കണം റിക്രൂട്ട് ചെയ്യേണ്ടത്. കരിയറിസ്റ്റുകളും ഗൂഢാലോചന ക്കാരും ഇരട്ടത്താപ്പുകാരും മോശപ്പെട്ട സ്വഭാവമുള്ളവരും ശത്രു ഏജന്റുമാരും പാർട്ടിയിലേക്ക് നുഴഞ്ഞു കയറുന്നതിനെതിരെ പ്രത്യേകം മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

4. ബന്ധപ്പെട്ട പാർട്ടി കമ്മറ്റിയുടെ യോഗം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പുതിയ അംഗങ്ങളെ പ്രവേശിപ്പിക്കുന്ന കാര്യത്തിൽ തീരുമാനിക്കുന്നതായിരിക്കും. ഒരു അപേക്ഷകനെ/അപേക്ഷകയെ പാർട്ടിയിൽ പ്രവേശിപ്പിച്ചാൽ, അയാളെ/അവരെ ഒരു കാൻഡിഡേറ്റ് അംഗമായി പരിഗണിക്കുന്നതായിരിക്കും. ഒരു കാൻഡിഡേറ്റ് അംഗം ഏറ്റവും കുറഞ്ഞത് ഒരു വർഷത്തെ കാൻഡിഡേറ്റ് കാലയളവിലൂടെ കടന്നുപോകേണ്ടതുണ്ട്. മുത ലാളി, ഭൂപ്രഭു, ചൂഷകവർഗ്ഗങ്ങളിൽനിന്നു വരുന്നവരുടെ കാൻഡിഡേറ്റ് കാലയളവ് രണ്ടു വർഷമായിരിക്കും.

5. കാൻഡിഡേറ്റ് അംഗങ്ങളെ പ്രവേശിപ്പിക്കുന്ന പാർട്ടി കമ്മിറ്റി പാർട്ടി പരിപാടി, ഭരണ ഘടന പാർട്ടിയുടെ നിലവിലുള്ള നയങ്ങൾ സമകാലീന പാർട്ടി നയങ്ങൾ എന്നിവയേക്കു റിച്ച് അവർക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകേണ്ടതും അവരെ നിരീക്ഷിക്കേണ്ടതുമാണ്.

6. കാൻഡിഡേറ്റ് കാലയളവ് അവസാനിക്കുന്നതിന് മുമ്പ് കാൻഡിഡേറ്റ് അംഗങ്ങൾ പൂർണ്ണ അംഗങ്ങളായി പ്രവേശനത്തിന് യോഗ്യതയുള്ളവരാണോ എന്ന് പാർട്ടി കമ്മിറ്റി ചർച്ച ചെയ്യേണ്ടതാണ്. പാർട്ടി കമ്മിറ്റി കാൻഡിഡേറ്റ് അംഗങ്ങളെ പൂർണ്ണ അംഗങ്ങളായി പ്രവേശിക്കുകയോ ആറുമാസത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് കാൻഡിഡേറ്റ് അംഗത്വം നീട്ടാവുന്നതോ ആണ്. കാൻഡിഡേറ്റ് അംഗത്വത്തിന് യോഗ്യതയില്ലെന്നു പാർട്ടി കമ്മിറ്റി കാണുന്ന പക്ഷം അയാളുടെ/അവരുടെ അംഗത്വം റദ്ദ് ചെയ്യാവുന്നതാണ്.

സ്ഥാനാർത്ഥികളുടെ റിക്രൂട്ട്മെന്റിനെ സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട പാർട്ടി കമ്മിറ്റി മേൽ കമ്മിറ്റിയുടെ മുന്നിൽ വയ്ക്കേണ്ടതാണ്.

7. റിപ്പോർട്ട് സമർപ്പിച്ച പാർട്ടി കമ്മിറ്റിയോട് ചർച്ച ചെയ്തശേഷം മേൽക്കമ്മിറ്റിക്ക് ഈ റിപ്പോർട്ടിന്റെ സൂക്ഷ്മ പരിശോധനയിൽ ഏതെങ്കിലും തീരുമാനങ്ങൾ മാറ്റുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതാണ്. ജില്ലാ സംസ്ഥാന കമ്മിറ്റിക്ക് കാൻഡിഡേറ്റ് അംഗങ്ങളെ റിക്രൂട്ട് ചെയ്യുന്നതിനും പൂർണ്ണ അംഗങ്ങളെ പ്രവേശിപ്പിക്കുന്നതിനും മേൽനോട്ട അധികാരം ഉണ്ടായിരിക്കുന്നതും കീഴ് കമ്മിറ്റിയുടെ തീരുമാനങ്ങൾ നിരാകരിക്കുവാനും ഭേദഗതി ചെയ്യുവാനും അധികാരം ഉണ്ടായിരിക്കും.

8. അംഗത്വ ഫീസ് ഒരു വർഷത്തേക്ക് ഇരുപത് രൂപ ആയിരിക്കും. അംഗത്തിന്റെ സാമ്പത്തികശേഷി പരിഗണിച്ച ശേഷം നിശ്ചയിക്കുന്ന ലെവി അംഗം ബന്ധപ്പെടുന്ന കമ്മറ്റിക്ക് ശേഖരിക്കാവുന്നതുമാണ്.

9. ഏതു കമ്മിറ്റിയിൽ നിന്നാണോ മാറ്റത്തിന് അപേക്ഷിക്കുന്നത് അവിടെനിന്നും ലഭിക്കുന്ന അംഗീകാര ത്തോടൊപ്പം ചേരാൻ ആഗ്രഹിക്കുന്ന കമ്മിറ്റിക്ക് നൽകുന്ന പരിചയപ്പെടുത്തുന്ന കത്തിന്റെ അടിസ്ഥാനത്തിൽ ഒരു പാർട്ടി അംഗത്തിന്റെ അംഗത്വം ഒരു കമ്മിറ്റിയിൽ നിന്നും മറ്റൊരു കമ്മിറ്റിയിലേക്ക് മാറ്റം ചെയ്യാവുന്നതാണ്. ജില്ലക്കോ സംസ്ഥാനത്തിനോ പുറത്തുനിന്നുള്ള മാറ്റങ്ങൾക്ക് ജില്ലാ കമ്മിറ്റികളുടെയും സംസ്ഥാന കമ്മിറ്റികളുടെയും അംഗീകാരം ആവശ്യമാണ്. ഇതിനു തൊട്ടു മേൽ കമ്മിറ്റിയുടെ അംഗീകാരം കൂടി ഉണ്ടായിരിക്കണം.

10. ഒരിക്കൽ പാർട്ടിയിൽ നിന്നും പുറത്താക്കിയ അംഗങ്ങളെ പുനഃപ്രവേശിപ്പിക്കുന്നത് അവരെ പുറത്താക്കിയ കമ്മറ്റിയുടെ തീരുമാനത്തോടെ ആയിരിക്കണം. ഇതിന് തൊട്ടടുത്ത മേൽ കമ്മിറ്റിയുടെ അംഗീകാരംകൂടി ഉണ്ടായിരിക്കണം.

11. മറ്റൊരു പാർട്ടിയുടെ ലോക്കൽ/ഏരിയ/ജില്ല/ സംസ്ഥാന തലങ്ങളിൽ പ്രവർത്തിക്കുന്ന അംഗം പാർട്ടിയിലേക്ക് വരുമ്പോൾ അയാളെ പാർട്ടിയിലേക്ക് പ്രവേശിപ്പിക്കുന്നതിന് മുമ്പ് ലോക്കൽ/ഏരിയ/ജില്ല/സംസ്ഥാന കമ്മിറ്റികളുടെ അംഗീകാരത്തെ കൂടാതെ തൊട്ടടുത്ത മേൽ കമ്മിറ്റിയുടെ അംഗീകാരം കൂടി ഉണ്ടായിരിക്കണം. ചില സവിശേഷ സാഹചര്യങ്ങളിലൊഴിച്ചാൽ, കേന്ദ്രകമ്മിറ്റിക്കോ സംസ്ഥാന കമ്മിറ്റിക്കോ ഈ രീതിയിലുള്ള അംഗങ്ങൾക്ക് പാർട്ടിയിൽ പൂർണ്ണ അംഗത്വം നൽകാവുന്നതാണ്. സംസ്ഥാന കമ്മിറ്റി ഇത്തരമൊരു തീരുമാനമെടുക്കുന്ന സാഹചര്യത്തിൽ കേന്ദ്ര കമ്മിറ്റിയുടെ മുൻകൂർ അംഗീകാരം നേടിയിരിക്കണം.

12. പാർട്ടി അംഗത്വം ഓരോ വർഷവും പുതുക്കലിനു വിധേയമാകുന്നതാണ്. ബന്ധപ്പെട്ട കമ്മിറ്റിയോ മേൽ കമ്മിറ്റികളോ നിശ്ചയിക്കുന്ന പ്രവർത്തനങ്ങളിൽ സജീവമായി സഹകരിക്കുന്നതിലും പാർട്ടി അച്ചടക്കം നിലനിർത്തുന്നതിലും പാർട്ടി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിലും പരാജയപ്പെടുകയോ ഒരു വർഷത്തെ അംഗത്വ ഫീസും ലെവിയും തൃപ്തികരമല്ലാത്ത കാരണങ്ങളാൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന പാർട്ടി അംഗങ്ങളോട് അവരുടെ അംഗത്വം ഉപേക്ഷിക്കാൻ ആവശ്യപ്പെടാവുന്നതാണ്. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ തൊട്ടടുത്ത മേൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ അവരുടെ പേരുകൾ അംഗത്വ രജിസ്റ്ററിൽനിന്നും നീക്കം ചെയ്യാവുന്നതാണ്.

13. ഓരോ പാർട്ടി അംഗവും അയാളുടെ/അവരുടെ ആസ്തികൾ അംഗത്വം ഉറപ്പിക്കുന്ന സമയത്ത് പ്രഖ്യാപിക്കേണ്ടതും അംഗത്വം പുതുക്കുന്ന അവസരത്തിൽ പിന്നീട് ആർജ്ജിച്ച സ്വത്തുക്കൾ വെളിപ്പെടുത്തേണ്ടതുമാണ്.

14. വ്യക്തിഗത അംഗത്വം നൽകുതിനുള്ള പൊതുതത്ത്വങ്ങൾ നിലനിൽക്കെതന്നെ മറ്റൊരു കമ്മ്യൂണിസ്റ്റ് വിപ്ലവ സംഘടന ഗ്രൂപ്പോ വിഭാഗമോ പാർട്ടിയുമായി ലയിക്കുമ്പോൾ ലയന രേഖാപ്രകാരയുംഅതിലെ എല്ലാ പാർട്ടി അംഗങ്ങളേയും കാൻഡിഡേറ്റ് അംഗങ്ങളേയും അംഗത്വ/

കാൻഡിഡേറ്റ് അംഗത്വ രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും അടുത്ത വർഷത്തെ അംഗത്വ പട്ടിക പുതുക്കുന്ന സമയത്ത് അവരുടെ അംഗത്വം പുതുക്കിയ ഫോറം ഫയലിലാക്കുകയും ചെയ്യും.

15. കേന്ദ്രകമ്മിറ്റിയിലേക്ക് തെരഞ്ഞടുക്കപ്പെട്ട അംഗങ്ങൾ അയാളുടെ/അവരുടെ ജാതി പ്പേര് ഉപേക്ഷിക്കണം.

## ആർട്ടിക്കിൾ VI

### പാർട്ടി പ്രതിജ്ഞ

പാർട്ടിയിൽ ചേരുന്ന ഓരോ അംഗവും പാർട്ടി പ്രതിജ്ഞ എടുക്കേണ്ടതാണ്. പ്രതിജ്ഞ ഇങ്ങനെയായിരിക്കും.

"മാർക്സിസം-ലെനിനിസം-മാവോ സേതുങ്ങ് ചിന്ത പാർട്ടിയെ നയിക്കുന്ന പ്രത്യയ ശാസ്ത്രമായി ഞാൻ സ്വീകരിക്കുന്നു സ്വീകരിക്കുന്നു."

"ഞാൻ പാർട്ടി പരിപാടി അംഗീകരിക്കുകയും അതിന്റെ ഭരണഘടന അനുസരിച്ച് പ്രവർത്തിക്കുമെന്ന് സമ്മതിക്കുകയും പാർട്ടി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്യും. അതിനോട് വാക്കുകളിലും പ്രവൃത്തികളിലും ഞാൻ വിശ്വസ്തനും സത്യസന്ധനുമായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. ഞാൻ കമ്മ്യൂണിസ്റ്റ് ആശയങ്ങൾക്കനുസരിച്ച് ജീവിക്കുന്നതിനുവേണ്ടി ആവുന്ന വിധം പരിശ്രമിക്കുകയും പാർട്ടി താൽപര്യങ്ങൾക്കനുസരിച്ച് വ്യക്തിതാല്പര്യങ്ങൾക്കതീതമായി, തൊഴിലാളി വർഗ്ഗ താൽപര്യങ്ങളെയും വിപ്ലവത്തെയും സേവിക്കുകയും അതിനുവേണ്ടി പൊരുതുകയും ചെയ്യും. ജനതയും വിപ്ലവവും വ്യക്തി താൽപര്യങ്ങൾക്കതീതമാണെന്നു കണ്ട് പാർട്ടിയുടെ ബഹുമാന്യതയും അന്തസ്സും ഉയർത്തിപ്പിടിക്കും."

"വർഗീയത, ജാതീയത, പുനരുജ്ജീവനവാദം, ദേശീയ സങ്കുചിത വാദം, ലിംഗ വിവേചനം എന്നിവയ്ക്കെതിരെ ജീവിതത്തിലും സമൂഹത്തിലും ഞാൻ പടപൊരുതുന്നതാണ്."

"ഞാൻ ദേശീയ സങ്കുചിതത്വത്തിന്റെ എല്ലാ രൂപങ്ങൾക്കുമെതിരെ പോരാടുകയും, സാർവ്വദേശീയ തൊഴിലാളിവർഗ്ഗ തത്വങ്ങളെ മുറുകെ പിടിക്കുകയും, ലോകവിപ്ലവത്തി നായുള്ള പ്രവർത്തന സത്തയെ ഉയർത്തിപ്പിടിക്കുകയും, സാർവ്വദേശീയതലത്തിൽ തൊഴി ലാളി വർഗ്ഗത്തിന്റേയും മർദ്ദിത ജനവിഭാഗങ്ങളുടേയും ഐക്യത്തെ ഉയർത്തിപ്പിടിക്കുകയും സാർവ്വദേശീയ തലത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ഐക്യത്തിനായി നിലകൊള്ളു കയും ചെയ്യും."

## ആർട്ടിക്കിൾ VII

### പാർട്ടി ലെവിയുടെയും അംഗത്വ ഫീസിന്റെയും വിതരണം

1. ബന്ധപ്പെട്ട പാർട്ടി കമ്മിറ്റികൾ പാർട്ടി അംഗങ്ങളിൽനിന്നും ശേഖരിക്കുന്ന പാർട്ടി ലെവി താഴെപ്പറയുന്ന രീതിയിൽ വിതരണം ചെയ്യുന്നതാണ്.

പത്തു ശതമാനം കേന്ദ്ര കമ്മിറ്റിക്ക്. നാല്പത് ശതമാനം

സ്ഥാന കമ്മിറ്റിക്ക്. ശേഷിക്കുന്ന അമ്പത് ശതമാനം ബന്ധപ്പെട്ട ജില്ലാ കമ്മിറ്റികളുടെ തീരുമാനങ്ങൾക്ക് വിധേയമായി ജില്ലാ കമ്മിറ്റിയും താഴെ കമ്മറ്റികളിലും വിതരണം ചെയ്യാവുന്നതാണ്.

2. എല്ലാ അംഗത്വ ഫീസും പുതുക്കൽ ഫീസും കേന്ദ്രത്തിലേക്ക് പോകേണ്ടതാണ്.

## ആർട്ടിക്കിൾ VIII

### പാർട്ടി അംഗങ്ങളുടെ കടമകൾ

പാർട്ടി അംഗങ്ങളുടെ കടമകൾ താഴെപ്പറയുന്നവയായിരിക്കും.

1. മാക്സിസം-ലെനിനിസം-മാവോ സേതൂങ് ചിന്തയെ സംബന്ധിച്ച ധാരണകൾ വികസിപ്പിക്കുന്നതിൽ കൂട്ടായി പരിശ്രമിക്കുകയും സിദ്ധാന്തത്തെ പ്രയോഗവുമായി ഉദ്ഗ്രഥിക്കുന്നതിന് പഠിക്കുകയും ചെയ്യുക.
2. താൻ അംഗമായിട്ടുള്ള പാർട്ടി കമ്മിറ്റിയുടെ എല്ലാ പ്രവർത്തനങ്ങളിലും പതിവായി പങ്കെടുക്കുകയും പാർട്ടിയുടെ നയങ്ങളും തീരുമാനങ്ങളും നിർദ്ദേശങ്ങളും വിശ്വസ്തതയോടെ നടപ്പിലാക്കുകയും ചെയ്യുക.
3. പാർട്ടി പത്രവും പ്രസിദ്ധീകരണങ്ങളും വായിക്കുക. അത് ക്രമമായി പുറത്തിറക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സഹായിക്കുക.
4. പാർട്ടി ഭരണഘടന പിന്തുടരുകയും അച്ചടക്കം നിലനിർത്തുകയും ചെയ്യുക. തൊഴിലാളിവർഗ്ഗ സാർവദേശീയതയുടെ മൂല്യങ്ങൾക്കും കമ്മ്യൂണിസത്തിന്റെ മഹത്തായ ആശയങ്ങൾക്കും അനുസരിച്ച് ജീവിക്കുകയും പെരുമാറുകയും ചെയ്യുക.
5. പാർട്ടിയുടെയും ജനങ്ങളുടെയും താല്പര്യങ്ങൾക്ക് തന്റേതായ വ്യക്തി താൽപര്യങ്ങളെ കീഴ്പ്പെടുത്തി നിർത്തുക.
6. അർപ്പണ ബുദ്ധിയോടെ ജനതയെ സേവിക്കുകയും അവരുമായുള്ള ബന്ധം തുടർച്ചയായി ദൃഢപ്പെടുത്തുകയും ജനതയിൽനിന്നു പഠിക്കാൻ എപ്പോഴും തയ്യാറായിരിക്കുകയും അവരുടെ സമരങ്ങളിൽ പങ്കാളിയായിരിക്കുകയും ചെയ്യുക. അവരുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും പാർട്ടിയെ അറിയിക്കുക. പ്രത്യേക കാരണങ്ങളാൽ ഒഴിവാക്കിയിട്ടില്ലെങ്കിൽ, പാർട്ടിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഏതെങ്കിലും വർഗ്ഗ/ബഹുജന സംഘടനയിൽ പ്രവർത്തിക്കുക.
7. പാർട്ടി അംഗങ്ങൾക്കിടയിൽ സൗഹൃദപരമായ ബന്ധം ദൃഢപ്പെടുത്തുക. പാർട്ടിക്കുള്ളിൽ സാഹോദര്യ ബന്ധങ്ങൾ സ്ഥിരമായി വികസിപ്പിച്ചെടുക്കുക.
8. ഒറ്റയ്ക്കും കൂട്ടായ്മ ഉള്ള പ്രവർത്തനങ്ങളെ മുന്നോട്ടു കൊണ്ടുപോകുന്നതിനും പരസ്പരം സഹായിക്കു ന്നതിനും നിരന്തരം വിമർശനവും സ്വയം വിമർശനവും നടത്തുക.
9. പാർട്ടി അവലംബമാക്കുന്ന വിശ്വാസ്യതയെ ഒരിക്കലും വഞ്ചിക്കാതിരിക്കുക. തുറന്ന മനസ്സോടെയും ആത്മാർത്ഥതയോടെയും പാർട്ടിക്കുള്ളിൽ പെരുമാറുക.
10. പാർട്ടിയുടെ ഐക്യവും ശക്തിയും സംരക്ഷിക്കുകയും തൊഴിലാളി വർഗ്ഗത്തിനും ജനങ്ങളുടെ ശത്രുക്കൾക്കുമെതിരെ ജാഗ്രതയോടെയിരിക്കുകയും ചെയ്യുക.
11. മതം, ജാതി, ദേശീയത, ലിംഗവ്യത്യാസം, എന്നിവയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള എല്ലാ അടിച്ചാമർത്ത ലുകൾക്കും വിവേചനങ്ങൾക്കുമെതിരെ ഉറച്ച മനഃസ്ഥിതിയോടെ സമരം ചെയ്യുകയും വർഗീയത, മൗലികവാദം, ജാതീയത, പ്രാദേശികവാദം, സങ്കോചിതത്വം, പുരുഷ മേധാവിത്വം എന്നിങ്ങനെയുള്ള ഭിന്നിപ്പിക്കൽ പ്രവണതകളെ ചെറുക്കുകയും ചെയ്യുക.
12. മാക്സിസം-ലെനിനിസം-മാവോ സേതൂങ് ചിന്തയിൽനിന്നും പാർട്ടിയുടെ പ്രത്യയശാസ്ത്ര രാഷ്ട്രീയ ലൈനിൽ നിന്നുമുള്ള എല്ലാ വ്യതിചലനങ്ങളെയും വിട്ടുവീഴ്ചയില്ലാതെ ചെറുക്കുകയും എല്ലാവിധ തൊഴിലാളി വിരുദ്ധ ആശയങ്ങൾക്കും തിരുത്തൽവാദ പ്രവണതകൾക്കും ഇടതു വലതും അവസരവാദം, വിഭാഗീയത, ഉദാരവാദം, അരാജകവാദം, വരട്ടുതത്വവാദം എന്നിവയ്ക്കുമെതിരെ പൊരുതുകയും ചെയ്യുക.
13. മുകളിൽ സൂചിപ്പിച്ച കടമകളെ പ്രയോഗത്തിൽ വരുത്തുന്നതിന് പാർട്ടി അംഗങ്ങളെ നയിക്കുകയും ഇവ നടപ്പിലാക്കുന്നതിനാവശ്യമായ മാർഗങ്ങളിലൂടെ അവരെ സഹായിക്കുകയും ചെയ്യേണ്ട ചുമതല പാർട്ടി കമ്മിറ്റിക്കുണ്ട്.

## ആർട്ടിക്കിൾ IX

### പാർട്ടി അംഗങ്ങളുടെ അവകാശങ്ങൾ

1. പാർട്ടി അംഗങ്ങളുടെ അവകാശങ്ങൾ താഴെ പറയുന്നവയാണ്.

a) പാർട്ടി കമ്മിറ്റികളെയും പാർട്ടി നേതൃത്വത്തെയും തെരഞ്ഞെടുക്കുകയും അവയിലേക്ക് തെരഞ്ഞെടു ക്കപ്പെടുകയും ചെയ്യുക.

യ) പാർട്ടി നയങ്ങൾക്കും തീരുമാനങ്ങൾക്കും രൂപം നൽകുന്നതിന് സംഭാവന ചെയ്യുന്ന വിധത്തിൽ ചർച്ചകളിൽ സ്വതന്ത്രമായി പങ്കെടുക്കുക.

b) തന്റെ പാർട്ടി പ്രവർത്തനം സംബന്ധിച്ച് നിർദ്ദേശങ്ങൾ വയ്ക്കുകയും തന്റേതായ കഴിവിനും ജീവിത സാഹചര്യങ്ങൾക്കും അനുസരിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തുകയും ചെയ്യുക.

c) പാർട്ടി സമ്മേളനങ്ങളിൽ പാർട്ടി കമ്മിറ്റികളെ കുറിച്ചും പാർട്ടി ഭാരവാഹികളെ കുറിച്ചും വിമർശനങ്ങൾ വയ്ക്കുക.

d) ഒരു പാർട്ടി കമ്മിറ്റി ഏതെങ്കിലും പാർട്ടി അംഗങ്ങൾക്കെതിരെ അച്ചടക്ക നടപടിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴോ അല്ലെങ്കിൽ അവരുടെ വ്യക്തി സ്വഭാവത്തെ കുറിച്ച് വില യിരുത്തുകയോ അല്ലെങ്കിൽ അവരുടെ പ്രവർത്തിയുമായി ബന്ധപ്പെട്ട ഗുരുതരമായ തെറ്റുകളെ വിലയിരുത്തുകയോ ചെയ്യുന്ന അവസരത്തിലോ അയാൾക്ക്/അവർക്ക് പറ യാനുള്ളത് നേരിൽ കേൾക്കണമെന്ന് ആവശ്യപ്പെടുക.

e) ഒരു പാർട്ടി അംഗം പാർട്ടി നേതൃത്വത്തിൻ കീഴിലുള്ള ഏതെങ്കിലും ഒരു പാർട്ടി കമ്മിറ്റിയുടെയോ സംഘടനയുടേയോ തീരുമാനത്തോട് വിയോജിക്കുന്നുവെങ്കിൽ അയാൾക്ക്/അവർക്ക്, അയാളുടെ/അവരുടെ അഭിപ്രായം കേന്ദ്രകമ്മിറ്റിയും പാർട്ടി കോൺഗ്രസ്സുമടങ്ങുന്ന മേൽ ഘടകങ്ങൾക്ക് സമർപ്പിക്കാൻ അവകാശമുണ്ട്. ഇത്തരം കാര്യങ്ങളിൽ, തീർച്ചയായും പാർട്ടി അംഗം പാർട്ടി തീരുമാനങ്ങൾ നടപ്പാക്കുകയും അഭി പ്രായ വ്യത്യാസങ്ങൾക്ക് പ്രയോഗത്തിലൂടെയും സൗഹൃദപരമായ ചർച്ചകളിലൂടെയും പരിഹാരം ആരായേണ്ടതുണ്ട്.

f) പാർട്ടി കേന്ദ്രകമ്മിറ്റി, കോൺഗ്രസ്സ് ഉൾപ്പെടെയുള്ള ഉയർന്ന കമ്മിറ്റികളിലേക്ക് പ്രസ്താവനകളും അപ്പീലുകളും പരാതികളും അയക്കാവുന്നതാണ്. എന്നാൽ അപ്രക രമുള്ള പ്രസ്താവനകൾ, അപ്പീലുകൾ, പരാതികൾ അദ്ദേഹം അംഗമായിട്ടുള്ള അടി സ്ഥാന കമ്മിറ്റിയിൽ ആയിരിക്കണം ആദ്യമായി സമർപ്പിക്കേണ്ടത്. അടിസ്ഥാന ഘടകം അത്തരം വിഷയങ്ങളിൽ തീരുമാനം എടുക്കേണ്ടതാണ്. അടിസ്ഥാന ഘടകം എടുത്ത തീരുമാനം അംഗത്തിന് തൃപ്തിവരാതിരിക്കുകയോ മൂന്നു മാസത്തിനുള്ളിൽ അടിസ്ഥാന ഘടകം ഒരു തീരുമാനം എടുക്കാതിരിക്കുകയോ ചെയ്താൽ പ്രസ്തുത അംഗത്തിന് തൊട്ടുമുകളിലുള്ള കമ്മിറ്റിക്ക് അപ്പീൽ നൽകാവുന്നതാണ്. ഇതേ രീതിയിൽ കേന്ദ്ര കമ്മി റ്റിയിലും കോൺഗ്രസ്സ് ഉൾപ്പെടെയുള്ള ഉയർന്ന കമ്മിറ്റിയിലേക്കും അപ്പീൽ നൽകാവു ന്നതുമാണ്.

2. ഈ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് പാർട്ടി സംഘടനയുടേയും പാർട്ടി ഭാരവാഹികളുടേയും ചുമതലയാണ്.

3. വോട്ടു രേഖപ്പെടുത്തുന്നതിനും തെരഞ്ഞെടുക്കപ്പെടുന്നതിനുമുള്ള അവകാശ ങ്ങളൊഴികെ ഒരു പൂർണ്ണ അംഗത്തിനുള്ള എല്ലാ അവകാശങ്ങളും ഒരു കാൻഡിഡേറ്റ് അംഗത്തിനുണ്ടായിരിക്കും.

## ആർട്ടിക്കിൾ X

### പാർട്ടിയുടെ സംഘടനാ തത്വങ്ങൾ

1. പാർട്ടിയുടെ ഘടന അടിസ്ഥാനമാക്കിയിരിക്കുന്നതും അതിന്റെ ആന്തരിക ജീവി

തത്തെ നയിക്കുന്നതും ജനാധിപത്യ കേന്ദ്രീകരണത്തിന്റെ തത്വങ്ങളാണ്. പൂർണ്ണമായ ഉൾപ്പാർട്ടി ജനാധിപത്യത്തെ അടിസ്ഥാനമാക്കിയുള്ള കേന്ദ്ര നേതൃത്വവും കേന്ദ്ര നേതൃത്വത്താൽ നയിക്കപ്പെടുന്ന ഉൾപ്പാർട്ടി ജനാധിപത്യവുമെന്നാണ്, ജനാധിപത്യ കേന്ദ്രീകരണമെന്നാൽ അർത്ഥമാക്കുന്നത്. പാർട്ടി ഘടനയിൽ, ജനാധിപത്യ കേന്ദ്രീകരണത്തെ നയിക്കുന്ന തത്വങ്ങൾ ഇവയാണ് :-

a) അടി മുതൽ മുകൾവരെയുള്ള എല്ലാ പാർട്ടി നേതൃത്വങ്ങളും തിരഞ്ഞെടുക്കപ്പെടേണ്ടവയാണ്.

b) ന്യൂനപക്ഷം ഭൂരിപക്ഷത്തിന്റെ തീരുമാനങ്ങൾ നടപ്പാക്കേണ്ടതാണ്. കീഴ്പാർട്ടി ഘടകങ്ങൾ മേൽപാർട്ടി ഘടകങ്ങളുടെ തീരുമാനങ്ങളും നിർദ്ദേശങ്ങളും ഏറ്റെടുക്കേണ്ടതാണ്. വ്യക്തികൾ കൂട്ടായ തീരുമാനങ്ങൾക്ക് കീഴ്പ്പെടേണ്ടതാണ്. എല്ലാ പാർട്ടി സംഘടനകളും പാർട്ടി കോൺഗ്രസ്സിന്റെയും കേന്ദ്ര കമ്മിറ്റിയുടേയും നിർദ്ദേശങ്ങളും തീരുമാനങ്ങളും ഏറ്റെടുക്കേണ്ടതാണ്.

c) എല്ലാ പാർട്ടി കമ്മിറ്റികളും പ്രവർത്തനങ്ങളെ സംബന്ധിച്ച് തൊട്ടുതാഴെയുള്ള പാർട്ടി കമ്മിറ്റികളിൽ കാലിക ക്ലിപ്തതയോടെ റിപ്പോർട്ട് ചെയ്യുകയും അതുപോലെതന്നെ കീഴ്കമ്മിറ്റികളും ഇതേ രീതിയിൽ തൊട്ടടുത്ത മേൽ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യുകയും വേണം.

d) എല്ലാ പാർട്ടി കമ്മിറ്റികളും പ്രത്യേകിച്ച് നേതൃപരമായി പങ്കുവഹിക്കുന്ന കമ്മിറ്റികൾ കീഴ്പാർട്ടി കമ്മിറ്റികളുടേയും അണികളുടേയും അഭിപ്രായങ്ങളിലും വിമർശനങ്ങളിലും ശ്രദ്ധ നൽകേണ്ടതാണ്.

e) വ്യക്തിപരമായ ഉത്തരവാദിത്വങ്ങളെ കൂട്ടായ തീരുമാനങ്ങളോടും വിലയിരുത്തലുകളോടും സംയോജിപ്പിക്കുക എന്ന തത്വത്തിൽ മുറുകെ പിടിച്ച് എല്ലാ പാർട്ടി കമ്മിറ്റികളും പ്രവർത്തിക്കേണ്ടതാണ്.

f) അന്താരാഷ്ട്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, അഖിലേന്ത്യാ സ്വഭാവമുള്ള പ്രശ്നങ്ങൾ, ഒന്നിലേറെ സംസ്ഥാനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ, അല്ലെങ്കിൽ രാജ്യത്തെ മുഴുവനും ബാധിക്കുന്നതും ഐക്യരൂപമുള്ള തീരുമാനങ്ങൾ ആവശ്യമുള്ളതുമായ പ്രശ്നങ്ങൾ, എന്നിവയെക്കുറിച്ച് കേന്ദ്രകമ്മിറ്റി ആയിരിക്കും തീരുമാനങ്ങൾ എടുക്കുന്നത്. സംസ്ഥാന, ജില്ലാ സ്വഭാവമുള്ള പ്രശ്നങ്ങൾക്ക് അതാത് പാർട്ടി കമ്മിറ്റികൾക്ക് സാധാരണമായി തീരുമാനങ്ങൾ എടുക്കാവുന്നതാണ്. എന്നാൽ ഈ തീരുമാനങ്ങൾ ഒരിക്കലും മേൽ കമ്മിറ്റി തീരുമാനങ്ങൾക്ക് വിരുദ്ധമാകാൻ പാടില്ല. സംസ്ഥാന പ്രാധാന്യമുള്ള ഒരു മുഖ്യ വിഷയത്തിൽ കേന്ദ്ര കമ്മിറ്റി നേതൃത്വത്തിന് തീരുമാനമെടുക്കേണ്ടി വരുന്ന സന്ദർഭത്തിൽ, അതാത് സംസ്ഥാന കമ്മിറ്റിയുമായി ചർച്ച ചെയ്തതിനുശേഷംവേണം തീരുമാനമെടുക്കേണ്ടത്. സംസ്ഥാന കമ്മിറ്റിയും ജില്ലകളെ സംബന്ധിച്ച് ഇങ്ങനെ ചെയ്യേണ്ടതാണ്.

g) അഖിലേന്ത്യാ തലത്തിൽ പാർട്ടിയുടെ നയത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ, പാർട്ടിയുടെ നിലപാട് ആദ്യമായി പ്രകടിപ്പിക്കേണ്ടിവരുന്ന സന്ദർഭത്തിൽ നയപരമായ ഒരു പ്രസ്താവന നടത്തുന്നതിന് കടപ്പെട്ടിട്ടുള്ളത് കേന്ദ്ര നേതൃത്വം മാത്രമായിരിക്കും. കേന്ദ്ര നേതൃത്വത്തിന്റെ പരിഗണനക്കുവേണ്ടി നിശ്ചിത സമയത്തിനുള്ളിൽ തന്നെ കീഴ്കമ്മിറ്റികൾക്ക് അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അയക്കാവുന്നതും അയക്കേണ്ടതുമാണ്.

2. മുഴുവൻ പാർട്ടി അംഗങ്ങളുടേയും ജനകീയ മുന്നേറ്റത്തിന്റേയും അനുഭവങ്ങളുടേയും അടിസ്ഥാനത്തിൽ പാർട്ടിയുടെ ആന്തരീക ജീവിത മണ്ഡലത്തിൽ ജനാധിപത്യ കേന്ദ്രീകരണത്തിന്റെ താഴെ പറയുന്ന മാർഗ്ഗദർശക തത്വങ്ങൾ ബാധകമാകുന്നതാണ്.

a) പാർട്ടിയെ അതിന്റെ നയങ്ങളെയും പ്രവർത്തനത്തെയും സംബന്ധിച്ച പ്രശ്നങ്ങൾക്ക് പാർട്ടി കമ്മിറ്റിക്കുള്ളിൽ സ്വതന്ത്രവും ആത്മാർത്ഥവുമായ ചർച്ചകൾ.

b) പാർട്ടി നയങ്ങൾ പ്രചരിപ്പിക്കുന്നതിലും നടപ്പിലാക്കുന്നതിലും പാർട്ടി അംഗങ്ങളെ പ്രവർത്തന ക്ഷമമാക്കുന്ന സ്ഥായിയായ പരിശ്രമങ്ങൾ, പാർട്ടിയുടെ പ്രവർത്തനത്തിനും

ജീവിതത്തിലും കാര്യക്ഷമമായി പങ്കെടുക്കാൻ കഴിയുന്ന വിധത്തിൽ അവരുടെ പ്രത്യയശാസ്ത്ര-രാഷ്ട്രീയ ധാരണകളെ ഉയർത്തുന്നതിനും അവരുടെ സാമാന്യ വിദ്യാഭ്യാസം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ.

c) പാർട്ടി കമ്മിറ്റിക്കുള്ളിൽ ഗുരുതരമായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുകയാണെങ്കിൽ, ഒരു പൊതു ധാരണയിൽ എത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തണം. ഇതിൽ പരാജയപ്പെട്ടാൽ, പെട്ടെന്ന് ഒരു തീരുമാനം ജനകീയ പ്രസ്ഥാനമോ ആവശ്യപ്പെടുന്നില്ലെങ്കിൽ കൂടുതൽ ചർച്ചകളിലൂടെ ഭിന്നതകൾ പരിഹരിക്കുവാൻ വേണ്ടി മാറ്റിവയ്ക്കേണ്ടതാണ്.

d) അടിമുതൽ മുടിവരെ എല്ലാതലത്തിലും വിമർശനവും സ്വയം വിമർശനവും പ്രോത്സാഹിപ്പിക്കണം പ്രത്യേകിച്ചും കീഴെ നിന്നുള്ള വിമർശനങ്ങൾ.

e) എല്ലാ തലത്തിലും ഉദ്യോഗസ്ഥ മേധാവിത്വ പ്രവണതകൾക്കെതിരായുള്ള വിട്ടുവീഴ്ചയില്ലാത്ത സമരം.

f) ഏതെങ്കിലും രൂപത്തിലുള്ള ഗ്രൂപ്പ് പ്രവർത്തനങ്ങൾ പാർട്ടിക്കുള്ളിൽ അനുവദിക്കാതിരിക്കുക.

g) പരസ്പര സഹകരണവും സഹോദര നിർവിശേഷണവുമായ ബന്ധങ്ങളും വികസിപ്പിച്ചുകൊണ്ട് പാർട്ടി ഐക്യം ശക്തിപ്പെടുത്തുക. സഖാക്കളോട് സഹാനുഭൂതിയോടെ പെരുമാറിക്കൊണ്ട് തെറ്റുകൾ തിരുത്തുക. ഒറ്റപ്പെട്ട സംഭവങ്ങളുടെയോ തെറ്റുകളുടെയോ അടിസ്ഥാനത്തിൽ അവരെയോ അവരുടെ പ്രവർത്തനത്തെയോ വിലയിരുത്താതിരിക്കുകയും എന്നാൽ അവരുടെ പാർട്ടി സേവനത്തിന്റെ മുഴുവൻ ചരിത്രത്തെയും പരിഗണിച്ചുകൊണ്ട് വിലയിരുത്തുകയും ചെയ്യുക.

3. വ്യത്യസ്ത വീക്ഷണങ്ങൾക്ക് ബന്ധപ്പെട്ട കമ്മറ്റികളിൽ പ്രാതിനിധ്യം നൽകണം.

4. അസാധാരണ സാഹചര്യങ്ങളിൽ എല്ലാ തലങ്ങളിലും സംഘാടക കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

5. ജനങ്ങളും പാർട്ടിയും തമ്മിലുള്ള കണ്ണി പ്രാഥമിക കമ്മിറ്റിയായിരിക്കും. ജനങ്ങളുടെയും മറ്റു കീഴ് ഘടകങ്ങളുടെയും അഭിപ്രായങ്ങൾ സൂക്ഷ്മമായി പഠിക്കുകയും കൂട്ടിച്ചേർക്കുകയും സാംശീകരിക്കുകയും പാർട്ടിയുടെ നയങ്ങൾ രൂപീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിലും ഉപയോഗിക്കുകയും വേണം.

6. കേന്ദ്ര കമ്മിറ്റിയും സംസ്ഥാന കമ്മിറ്റിയും രൂപീകരിക്കേണ്ടത് കഴിവും അർപ്പണബോധവും ഉള്ള സഖാക്കളെ കൊണ്ടായിരിക്കണം. ഈ തത്വം സാധ്യമാക്കുന്നിടത്തോളം കീഴ് കമ്മിറ്റികളിലും നടപ്പിലാക്കണം. പ്രൊഫഷണൽ വിപ്ലവകാരികളെ വികസിപ്പിച്ചെടുക്കുന്ന ഉത്തരവാദിത്വം പാർട്ടി നിർവഹിക്കണം.

## ആർട്ടിക്കിൾ XI

### വിമർശനവും സ്വയം വിമർശനവും

വിമർശനവും സ്വയം വിമർശനവും പാർട്ടി കമ്മിറ്റി സമ്പ്രദായത്തിലെ ഏറ്റവും പ്രധാനപ്പെട്ട തത്വങ്ങളാണ്. പാർട്ടിക്ക് പൊതുവേയും നേതൃത്വ പാർട്ടി കമ്മിറ്റികൾ, പാർട്ടി അംഗങ്ങൾ എന്നിവ പ്രത്യേകിച്ചും ഇത് നടത്തേണ്ടത് തികച്ചും ആവശ്യമാണ്.

1) വിമർശനവും വിമർശനവും പാർട്ടി ലൈനിന്റെയും പ്രയോഗത്തിന്റെയും അടിസ്ഥാനത്തിൽ ആയിരിക്കണം.

2) വിമർശനം നടത്തേണ്ടത് പാർട്ടിക്കുള്ളിലും ബന്ധപ്പെട്ട ഘടകങ്ങളിലുമാണ്, അതിനു പുറത്തല്ല.

3) മേൽ സംഘടനയെക്കുറിച്ചും അവയുടെ തീരുമാനങ്ങളെക്കുറിച്ചുള്ള വിമർശനങ്ങൾ

ബന്ധപ്പെട്ട കമ്മിറ്റിക്കാണ് അയച്ചു നൽകേണ്ടത്.

4) പാർട്ടിയിലെ ഐക്യം നേടേണ്ടത് ഐക്യം-സമരം-ഐക്യം എന്നതിലൂടെ ആയിരിക്കണം. അതായത് വിമർശനത്തിന്റെയും സ്വയം വിമർശനത്തിന്റെയും പ്രക്രിയയിലൂടെ ആയിരിക്കണം.

## ആർട്ടിക്കിൾ XII

### പാർട്ടി അച്ചടക്കം

1. പാർട്ടിയിലെ ഐക്യം ശക്തിപ്പെടുത്തുന്നതിനും അതിന്റെ ശക്തിയും പ്രക്ഷോഭ ശേഷിയും അന്തസ്സും വർദ്ധിപ്പിക്കുന്നതിനും ജനാധിപത്യ കേന്ദ്രീകരണത്തിന്റെ തത്വങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനും അച്ചടക്കം ഒട്ടുംതന്നെ ഒഴിവാക്കാനാവാത്തതാണ്. പാർട്ടി അച്ചടക്കം ശക്തമായി നടപ്പിലാക്കാതെ ജനങ്ങളെ നയിക്കുവാനോ സമരങ്ങളും പ്രവർത്തനങ്ങളും നടത്തുവാനോ അവരോടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാനോ പാർട്ടിക്കു കഴിയുകയില്ല.

2. പാർട്ടിയുടെ ലക്ഷ്യങ്ങളും പരിപാടികളും നയങ്ങളും ബോധപൂർവ്വം സ്വീകരിക്കുന്നതിനേയാണ് അച്ചടക്കം അടിസ്ഥാനമാക്കുന്നത്. പൊതു ജീവിതത്തിലോ പാർട്ടി സംഘടനയിലോ ഉള്ള പദവിക്കു നിരപേക്ഷമായി എല്ലാ പാർട്ടി അംഗങ്ങളും പാർട്ടി അച്ചടക്കത്തിന് തുല്യമായും ബാദ്ധ്യസ്ഥരാണ്.

3. പാർട്ടി ഭരണഘടനയുടേയോ പാർട്ടി തീരുമാനങ്ങളുടേയോ ലംഘനം, ഒരു കമ്മ്യൂണിസ്റ്റു പാർട്ടി അംഗത്തിനു യോജിക്കാത്ത രീതിയിലുള്ള പെരുമാറ്റങ്ങൾ എന്നിവ പാർട്ടി അച്ചടക്ക ലംഘനമാകുന്നതും അച്ചടക്ക ലംഘന നടപടികൾക്കു വിധേയമാകുന്നതുമാണ്.

4. അച്ചടക്ക ലംഘന ശിക്ഷാ നടപടികൾ ഇവയാണ്.

a) താക്കീത് നൽകുക.

b) ശാസിക്കുക.

c) പരസ്യമായി ശാസിക്കുക.

d) പാർട്ടി സ്ഥാനങ്ങളിൽനിന്നും നീക്കം ചെയ്യുക.

e) ഒരു വർഷത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക് പാർട്ടി അംഗത്വത്തിൽനിന്ന് സസ്പെന്റ് ചെയ്യുക.

f) പാർട്ടി രേഖകളിൽനിന്നും നീക്കം ചെയ്യുക.

g) പുറത്താക്കൽ.

5. ബന്ധപ്പെട്ട കമ്മിറ്റിയുടെ തുടർച്ചയായ മൂന്നു യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്ന അംഗത്തോട് ആ കമ്മിറ്റിക്ക് വിശദീകരണമാവശ്യപ്പെടാവുന്നതും ആ വിശദീകരണം തൃപ്തികരമല്ലെങ്കിൽ സംസ്ഥാന കമ്മിറ്റിയുടേയോ കേന്ദ്ര കമ്മിറ്റിയുടേയോ അംഗീകാരത്തിനു വിധേയമായി അയാളെ/അവരെ കമ്മിറ്റിയിൽനിന്നും നീക്കം ചെയ്യാവുന്നതും അപ്രകാരം നീക്കം ചെയ്യപ്പെടുന്ന അംഗത്തിന് കൺട്രോൾ കമ്മീഷനിൽ അപ്പീൽ നൽകാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

6. പറഞ്ഞു ബോദ്ധ്യപ്പെടുത്തി അനുനയിപ്പിക്കുന്നതുൾപ്പെടെയുള്ള ഇതര മാർഗ്ഗങ്ങൾകൊണ്ട് ബന്ധപ്പെട്ട സഖാവിന് തിരുത്താൻ കഴിയാതെ വരുമ്പോൾ മാത്രമേ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുള്ളൂ. അച്ചടക്കനടപടികൾ സ്വീകരിക്കുമ്പോൾ തന്നെ സഖാവിന് സ്വയം തിരുത്താൻ സഹായകമായ ശ്രമങ്ങൾ തുടരേണ്ടതാണ്. പാർട്ടിയുടെ താൽപര്യങ്ങളെയും അന്തസ്സിനെയും സംരക്ഷിക്കുന്നതിന് പെട്ടെന്നുള്ള ശിക്ഷാനടപടി ആവശ്യമാക്കുന്ന അച്ചടക്ക ലംഘനങ്ങളുടെ കാര്യത്തിൽ കാലവിളംബമില്ലാതെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

7. എല്ലാ ശിക്ഷ നടപടികളിലും ഏറ്റവും കഠിനമായിട്ടുള്ളത് പാർട്ടിയിൽനിന്നും പുറത്താക്കലാണ്. അതുകൊണ്ട് ഇത് വേണ്ടത്ര മുൻകരുതലുകളോടെയും ന്യായബുദ്ധിയോടെയും ഗാഢമായ പര്യാലോചനക്ക് ശേഷവും ചെയ്യേണ്ടതാണ്.

8. ഒരു പാർട്ടി അംഗത്തിന്റെ പുറത്താക്കലോ സസ്പെൻഷനോ പോലുള്ള അച്ചടക്ക നടപടികൾ തൊട്ടടുത്ത മേൽ കമ്മിറ്റിയുടെ സ്ഥിരീകരണമില്ലാതെ പ്രാബല്യത്തിൽ വരികയില്ല. സസ്പെൻഷന്റെയോ പുറത്താക്കലിന്റെയോ കാര്യത്തിൽ ശിക്ഷിക്കപ്പെട്ട പാർട്ടി അംഗം സ്ഥിരീകരണപ്രക്രിയ നടക്കുമ്പോൾ തന്നെ അയാൾ അവർ വഹിക്കുന്ന പദവിയിൽ നിന്നും നീക്കം ചെയ്യപ്പെടുന്നതാണ്.

9. ഏത് സഖാവിനെതിരെയാണോ അച്ചടക്ക നടപടി എടുക്കാൻ ഉദ്ദേശിക്കുന്ന കമ്മിറ്റി അയാളെ/അവരെ ആരോപണങ്ങളും കുറ്റങ്ങളും മറ്റ് പ്രധാന വസ്തുതകളും പൂർണ്ണമായും അറിയിച്ചിരിക്കേണ്ടതാണ്. അയാളുമായി അവയുടെ കാര്യം ചർച്ച ചെയ്യുന്ന കമ്മിറ്റിയിൽ കാര്യങ്ങൾ പറയുന്നതിന് അയാൾക്ക്/അല്ലെങ്കിൽ അവർക്ക് അവകാശമുണ്ടായിരിക്കും.

10. സമരം പൊളിക്കുന്നവർ, സ്ഥിരമായ മദ്യപാനികൾ, ധാർമികമായി ക്ഷയിച്ചവർ, പാർട്ടി രഹസ്യത്തെ വഞ്ചിക്കുന്നവൻ, സാമ്പത്തിക ക്രമക്കേടുകൾ കാണിക്കുന്നവർ, പാർട്ടിക്കും തൊഴിലാളി വർഗ്ഗത്തിനും ദോഷകരമായി പ്രവർത്തിക്കുന്ന അംഗങ്ങൾ എന്നിവരെ അവരുടെ പാർട്ടി യൂണിറ്റിന് പരിശോധിച്ച് അച്ചടക്ക നടപടികൾക്ക് വിധേയമാക്കാവുന്നതാണ്.

11. എല്ലാ അച്ചടക്ക നടപടികളെ സംബന്ധിച്ചും അപ്പീൽ നൽകുന്നതിന് അവകാശമുണ്ടായിരിക്കും.

12. നിരന്തരം പാർട്ടി തീരുമാനങ്ങളുടെയും നയങ്ങളുടെയും ധാർഷ്ട്യം കലർന്ന ലംഘനം, ഗുരുതരമായ ഗ്രൂപ്പ് പ്രവർത്തനങ്ങൾ, പാർട്ടി അച്ചടക്കത്തിന്റെ ലംഘനം എന്നിവയുണ്ടാകുന്ന അവസരങ്ങളിൽ ഒരു കീഴ് കമ്മിറ്റിക്കെതിരെ അച്ചടക്ക നടപടിയെടുക്കാൻ സംസ്ഥാന കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും.

13. പാർട്ടിയിൽനിന്നും രാജിവെക്കാൻ ആഗ്രഹിക്കുന്ന ഒരു പാർട്ടി അംഗത്തിന്, അദ്ദേഹത്തിന്റെ/അവരുടെ രാജി ബന്ധപ്പെട്ട കമ്മിറ്റികൾക്ക് സമർപ്പിക്കാവുന്നതാണ്. ബന്ധപ്പെട്ട കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ഇത് സ്വീകരിക്കാവുന്നതും അദ്ദേഹത്തിന്റെ/അവരുടെ പേര് രേഖകളിൽനിന്ന് നീക്കം ചെയ്യാവുന്നതാണ്. ഈ കാര്യങ്ങൾ തൊട്ടടുത്ത മേൽ കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ആർട്ടിക്കിൾ XIII

### അഖിലേന്ത്യാ പാർട്ടി കോൺഗ്രസ്സ്

1. രാജ്യത്തിന് മുഴുവൻ ബാധകമാകുന്ന അഖിലേന്ത്യാ പാർട്ടി കോൺഗ്രസ്സായിരിക്കും പാർട്ടിയുടെ പരമോന്നത ബോഡി.

a) സാധാരണഗതിയിൽ പതിവായി മൂന്ന് വർഷത്തിലൊരിക്കൽ കേന്ദ്ര കമ്മിറ്റി പാർട്ടി കോൺഗ്രസ്സ് വിളിച്ചു ചേർക്കേണ്ടതാണ്. ഒരു കാരണവശാലും പാർട്ടി കോൺഗ്രസ്സ് വിളിച്ചുകൂട്ടുന്നത് മൂന്നു വർഷത്തിനുശേഷം ഒരു വർഷത്തിലധികം നീട്ടാൻ പാടില്ല.

b) പാർട്ടി കോൺഗ്രസ്സിന്റെ തിയ്യതിയും സ്ഥലവും, അജണ്ടയും കാര്യപരിപാടിയും, ഈ പ്രത്യേക ഉദ്ദേശത്തിനുവേണ്ടി വിളിച്ച് ചേർക്കുന്ന കമ്മിറ്റിയിൽവെച്ചു തീരുമാനിക്കുന്നതാണ്.

c) സ്റ്റേറ്റ് സമ്മേളനത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളും പാർട്ടി അഖിലേന്ത്യാ കേന്ദ്രത്തിന്റെ കീഴിലുള്ള പാർട്ടി യൂണിറ്റ് സമ്മേളനങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളും ഉൾക്കൊള്ളുന്നതായിരിക്കും പാർട്ടി കോൺഗ്രസ്.

d) പാർട്ടി കോൺഗ്രസിന്റെ പ്രാതിനിത്യത്തിന്റെ അടിസ്ഥാനം കേന്ദ്ര കമ്മിറ്റി നിശ്ചയിക്കുന്നതാണ്.

e) കേന്ദ്രകമ്മിറ്റിയിലേയും കേന്ദ്ര കൺട്രോൾ കമ്മീഷനിലേയും അംഗങ്ങൾക്ക് പാർട്ടി കോൺഗ്രസ്സിൽ പൂർണ്ണ പ്രതിനിധികളായി പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കും.

f) അംഗത്വഫീസ് ക്വാട്ട കേന്ദ്രകമ്മിറ്റിക്ക് പൂർണ്ണമായും അടച്ചിട്ടുള്ള സംസ്ഥാനത്തിലെ അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ആ സംസ്ഥാനത്തിൽനിന്നും പാർട്ടി കോൺഗ്രസ്സിലേക്കുള്ള പ്രതിനിധികളുടെ എണ്ണത്തെ കണക്കാക്കുന്നത്.

2. പാർട്ടി കോൺഗ്രസ്സിന്റെ ചുമതലകളും അധികാരങ്ങളും താഴെ പറയുന്ന രീതിയിലായിരിക്കും.

a) കേന്ദ്രകമ്മിറ്റിയുടെ രാഷ്ട്രീയ സംഘടനാ റിപ്പോർട്ട് ചർച്ച ചെയ്യുകയും അതിൻമേൽ തീരുമാനമെടുക്കുകയും ചെയ്യുക.

b) പാർട്ടി പരിപാടിയും പാർട്ടി ഭരണഘടനയും തിരുത്തുകയും മറ്റും ചെയ്യുക.

c) വർത്തമാന സാഹചര്യങ്ങൾക്കനുസരിച്ച് പാർട്ടിയുടെ അടവുപരമായ ലൈനും നയവും തീരുമാനിക്കുക.

d) രഹസ്യവോട്ടെടുപ്പിലൂടെ കേന്ദ്രകമ്മിറ്റിയെ തിരഞ്ഞെടുക്കുക.

e) കേന്ദ്രകൺട്രോൾ കമ്മീഷന്റെ റിപ്പോർട്ടുകളും അപ്പീലുകളും കേൾക്കുകയും അവയിൽ തീരുമാനമെടുക്കുകയും ചെയ്യുക.

f) കൺട്രോൾ കമ്മീഷൻ തീരുമാനിക്കുന്ന സമർപ്പിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് കേൾക്കുകയും അവയിൽ തീരുമാനമെടുക്കുകയും ചെയ്യുക.

g) കേന്ദ്ര കൺട്രോൾ കമ്മീഷനെ തിരഞ്ഞെടുക്കുക.

h) കോൺഗ്രസ്സിന്റെ നടത്തിപ്പിനുവേണ്ടി പ്രസീഡിയവും സ്റ്റിയറിംഗ് കമ്മിറ്റിയും തിരഞ്ഞെടുക്കുക.

3. a) കേന്ദ്രകമ്മിറ്റി സ്വന്തം വിവേചനാധികാരം അനുസരിച്ചോ മൊത്തം പാർട്ടി അംഗസംഖ്യയിൽ മൂന്നിൽ ഒന്നിൽ കുറയാത്ത അംഗസംഖ്യയുള്ള സംസ്ഥാനകമ്മിറ്റികളുടെ ആവശ്യപ്രകാരമോ ഒരു അസാധാരണ പാർട്ടികോൺഗ്രസ്സ് വിളിച്ച്ചേർക്കാവുന്നതാണ്. ഇത്തരം ഒരു അസാധാരണ പാർട്ടികോൺഗ്രസ്സ് നടത്താൻ തീരുമാനിച്ചാൽ ആറുമാസത്തിനുള്ളിൽ അത് വിളിച്ചുകൂട്ടേണ്ടതാണ്.

b) കേന്ദ്രകമ്മി ഈ ആവശ്യത്തിനുവേണ്ടി പ്രത്യേകം വിളിച്ചുചേർത്ത ഒരു യോഗത്തിൽ അസാധാരണ പാർട്ടി കോൺഗ്രസ്സിന്റെ കടമകളും പരിപാടിയും തിയ്യതിയും സ്ഥലവും തീരുമാനിക്കുന്നതാണ്.

c) അസാധാരണ പാർട്ടികോൺഗ്രസ്സിലേക്കുള്ള പ്രാതിനിധ്യത്തിന്റെ അടിസ്ഥാനം അതിനുവേണ്ടി പ്രത്യേകം ചേരുന്ന കേന്ദ്രകമ്മിറ്റി തീരുമാനിക്കുന്നതാണ്.

d) അസാധാരണ പാർട്ടികോൺഗ്രസ്സിൽ പൂർണ്ണ അധികാരമുള്ള പ്രതിനിധികളായി പങ്കെടുക്കാൻ കേന്ദ്രകമ്മിറ്റി, കേന്ദ്ര കൺട്രോൾ കമ്മീഷൻ അംഗങ്ങൾക്ക് അവകാശമുണ്ടായിരിക്കും.

## ആർട്ടിക്കിൾ XIV

### പാർട്ടി കോൺഗ്രസ്സിനു മുമ്പുള്ള ചർച്ചകൾ

1. പാർട്ടികോൺഗ്രസ്സിനു മൂന്നു മാസം മുമ്പായി എല്ലാ പാർട്ടി അംഗങ്ങളുടെയും/ കാന്റിഡേറ്റ് അംഗങ്ങളുടേയും ചർച്ചക്കുണ്ടിയുള്ള കരട് രേഖകൾ കേന്ദ്രകമ്മിറ്റി പുറത്തിറക്കുന്നതാണ്. കേന്ദ്രക്കമ്മിറ്റി രേഖകൾ പുറത്തിറക്കിയതിനുശേഷം സാധ്യമായ ഏറ്റവും കുറഞ്ഞ സമയംകൊണ്ട് അതാതുഭാഷകളിലേക്ക് പരിഭാഷപ്പെടുത്തുകയും ആവശ്യമുള്ള കോപ്പികൾ ബ്രാഞ്ചുകമ്മിറ്റികൾ വരെയുള്ള കമ്മറ്റികൾക്ക് എത്തിക്കുകയും ചെയ്യേണ്ടത്

സംസ്ഥാനകമ്മറ്റികളുടെ ചുമതലയാണ്. പ്രമേയങ്ങൾക്കുള്ള ഭേദഗതികൾ കേന്ദ്രകമ്മറ്റിക്ക് നേരിട്ട് അയക്കാവുന്നതാണ്. അവയെക്കുറിച്ചുള്ള റിപ്പോർട്ട് അഖിലേന്ത്യാ കോൺഗ്രസ്സിന്റെ മുമ്പാകെ വെക്കുന്നതാണ്.

2. ജില്ലാ കമ്മറ്റിതലം മുതലുള്ള പാർട്ടി കോൺഗ്രസ്സിന്റെ ഭാഗമായി കോൺഫറൻസുകൾ കേന്ദ്രകമ്മറ്റിയുടെ കരട് രേഖകളുടേയും അതാത് കമ്മറ്റികളും സംസ്ഥാന കമ്മറ്റിവരെയുള്ള മേൽ കമ്മറ്റികളും സമർപ്പിക്കുന്ന റിപ്പോർട്ടുകളും പ്രമേയങ്ങളുടേയും അടിസ്ഥാനത്തിലായിരിക്കും കോൺഫറൻസ് നടത്തുന്നത്.

3. ബ്രാഞ്ച്-ലോക്കൽ കമ്മറ്റി സമ്മേളനങ്ങളിൽ മേൽ കമ്മറ്റിയിലെ ഒരു സഖാവ് പാർട്ടി കോൺഗ്രസ്സിൽ അവതരിപ്പിക്കേണ്ട രേഖകളെ സംബന്ധിച്ച റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്. എല്ലാ ബ്രാഞ്ച്, ലോക്കൽ, ഏരിയാ കമ്മിറ്റി അംഗങ്ങളും ജില്ലാ സമ്മേളനത്തിൽ പ്രതിനിധികളായിരിക്കും.

## ആർട്ടിക്കിൾ XV

### അഖിലേന്ത്യാ പാർട്ടി കോൺഫ്രൻസ്

കേന്ദ്ര കമ്മിറ്റിക്ക് ആവശ്യമാകുന്ന സന്ദർഭങ്ങളിൽ അഖിലേന്ത്യാ പാർട്ടി കോൺഫ്രൻസ് വിളിച്ചു ചേർക്കാവുന്നതാണ്.

## ആർട്ടിക്കിൾ XVI

### പാർട്ടി പ്ലീനം

1. നയപരമോ സംഘടനാപരമോ ആയ ഏതെങ്കിലും പ്രധാനപ്പെട്ട പ്രശ്നത്തെക്കുറിച്ച് കൂടുതൽ വ്യാപകമായ ചർച്ചയും അതിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനവും ആവശ്യമായി വരുമ്പോൾ കേന്ദ്ര കമ്മിറ്റിക്ക് അഖിലേന്ത്യാ പ്ലീനം വിളിച്ചു ചേർക്കാവുന്നതാണ്.

2. കേന്ദ്ര കമ്മിറ്റി കേന്ദ്ര കൺട്രോൾ കമ്മീഷൻ അംഗങ്ങൾ പ്ലീനത്തിൽ ഔദ്യോഗിക പ്രതിനിധികൾ ആയിരിക്കും. മറ്റ് പ്രതിനിധികളെ കേന്ദ്രകമ്മിറ്റി തീരുമാനിക്കുന്ന മാനദണ്ഡം അനുസരിച്ച് ഈ കമ്മിറ്റികൾ സെലക്ട് ചെയ്യുന്നതാണ്.

3. പ്ലീനത്തിന്റെ അജണ്ട തീരുമാനിക്കുന്നത് കേന്ദ്ര കമ്മിറ്റി ആയിരിക്കും.

2. പ്ലീനം തീരുമാനങ്ങൾ നടപ്പിലാക്കാൻ കേന്ദ്രകമ്മിറ്റി ബാധ്യസ്ഥമാണ്.

## ആർട്ടിക്കിൾ XVII

### കേന്ദ്രകമ്മിറ്റി

1. a) പാർട്ടി കോൺഗ്രസ്സായിരിക്കും കേന്ദ്രകമ്മിറ്റിയെ തിരഞ്ഞെടുക്കുക. കേന്ദ്രകമ്മിറ്റി അംഗങ്ങളുടെ എണ്ണം പാർട്ടി കോൺഗ്രസ്സ് തീരുമാനിക്കും.

യ) കാലാവധി കഴിഞ്ഞ് പുറത്തുപോകുന്ന കേന്ദ്രകമ്മിറ്റി സ്ഥാനാർത്ഥികളുടെ ഒരു പട്ടിക നിർദ്ദേശിക്കുന്നതാണ്.

b) നേതൃത്വ ശേഷിയുള്ള, ജനങ്ങളുമായി അടുത്ത ബന്ധങ്ങളുള്ള, തൊഴിലാളി വർഗ്ഗത്തിന്റെ വിപ്ലവ വീക്ഷണത്തിൽ ഉറച്ച ബോധ്യങ്ങളുള്ള, മാർക ്സിസം-ലെനിനിസം-മാവോസേതുങ് ചിന്ത ശരിയായി അഭ്യസിച്ചിട്ടുള്ളവരെ സൃഷ്ടിക്കാനുതകുന്ന രീതിയിൽ ആയിരിക്കണം സ്ഥാനാർത്ഥികളുടെ പാനൽ തയ്യാറാക്കേണ്ടത്. സംസ്ഥാന പ്രവർത്തനങ്ങളിൽ നിന്നും ഏറ്റവും നല്ല കഴിവുകൾ ആർജ്ജിച്ചിട്ടുള്ളവരെയും ജനകീയ മുന്നണിയിൽനിന്നും പാർട്ടി പ്രവർത്തനത്തിന്റെ മറ്റു മേഖലകളിൽനിന്നും പരിചയം സിദ്ധിച്ചിട്ടുള്ളവരെയും ഒരുമിച്ചു കൊണ്ടുവരത്തക്കവിധം പാനൽ രൂപം കൊടുക്കേണ്ടതാണ്.

c) ഏതൊരു പ്രതിനിധിക്കും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പാനലിലെ ഏതൊരു

പേരിനെതിരെയും തടസ്സങ്ങൾ ഉന്നയിക്കാവുന്നതും പുതിയ പേരുകൾ നിർദ്ദേശിക്കാവുന്നതാണ്.

e) പേര് നിർദ്ദേശിക്കപ്പെട്ട ഏതൊരാൾക്കും അതിൽ നിന്നും ഒഴിവാകാനുള്ള അവകാശമുണ്ട്.

f) പ്രതിനിധികളുടെ ഭാഗത്തുനിന്ന് നാമനിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അവ ഉൾപ്പെടെ അന്തിമമായി മുന്നോട്ടുവയ്ക്കുന്ന പാനലിൽനിന്ന് രഹസ്യ വോട്ടിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുക.

2. കേന്ദ്രകമ്മിറ്റി ആയിരിക്കും രണ്ട് അഖിലേന്ത്യാ പാർട്ടി കോൺഗ്രസ്സുകൾക്കിടയിൽ പാർട്ടിയുടെ ഏറ്റവും ഉയർന്ന അധികാര കേന്ദ്രം.

3. പാർട്ടി കോൺഗ്രസ് കൈക്കൊള്ളുന്ന തീരുമാനങ്ങളും രാഷ്ട്രീയ തീരുമാനങ്ങളും രാഷ്ട്രീയ ലൈനും മുന്നോട്ടു കൊണ്ടുപോകേണ്ടതും പാർട്ടി ഭരണഘടന നടപ്പിൽ വരുത്തേണ്ടതും അതിന്റെ കടമയാണ്.

4. പാർട്ടിയെ പൂർണ്ണമായും പ്രതിനിധീകരിക്കുന്നത് കേന്ദ്രകമ്മിറ്റി ആയിരിക്കും. പാർട്ടിയുടെ പ്രവർത്തനം പൂർണ്ണമായും സംവിധാനം ചെയ്യേണ്ടതിന്റെ ചുമതല കേന്ദ്ര കമ്മിറ്റിക്കാണ്. പാർട്ടി അഭിമുഖീകരിക്കുന്ന ഏതൊരു പ്രശ്നത്തിലും പൂർണ്ണ അധികാരത്തോടെ തീരുമാനങ്ങളെടുക്കാൻ കേന്ദ്ര കമ്മിറ്റിക്ക് അവകാശമുണ്ടായി രിക്കുന്നതാണ്.

5. കേന്ദ്രകമ്മിറ്റി അതിലെ അംഗങ്ങൾക്കിടയിൽ നിന്നും ജനറൽ സെക്രട്ടറി ഉൾപ്പെടെയുള്ള ഒരു പൊളിറ്റ് ബ്യൂറോ (പി.ബി)യെ തിരഞ്ഞെടുക്കേണ്ടതാണ്. പി.ബി യിലെ അംഗങ്ങളുടെ എണ്ണം കേന്ദ്രകമ്മിറ്റി തീരുമാനിക്കും. കേന്ദ്രകമ്മിറ്റിയുടെ രണ്ട് യോഗങ്ങൾക്കിടയിലെ അതിന്റെ പ്രവർത്തനം പി.ബി. ഏറ്റെടുത്തു നടപ്പാക്കാവുന്നതാണ്. കേന്ദ്ര കമ്മിറ്റിയിയുടെ രണ്ട് യോഗങ്ങൾക്കിടയിൽ രാഷ്ട്രീയ തീരുമാനങ്ങലളെടുക്കാനും പി.ബി.ക്ക് അവകാശമുണ്ട്. പാർട്ടി നേതൃത്വത്തിലേക്കുള്ള തെരഞ്ഞെടുപ്പും രഹസ്യ ബാലറ്റിലൂടെയായിരിക്കും.

6. പി.ബിയുടെ സ്റ്റാൻഡിംഗ് കമ്മിറ്റി അതിന്റെ ദൈനംദിന പ്രവർത്തനങ്ങളെ മുന്നോട്ടു കൊണ്ടുപോകാൻ ഒരു സെക്രട്ടറിയേറ്റിനെ നിയോഗിക്കാവുന്നതാണ്.

7. a) അച്ചടക്കലംഘനം, പെരുമാറ്റ ദൂഷ്യം, പാർട്ടി വിരുദ്ധ പ്രവർത്തനം എന്നിവയുടെ പേരിൽ കേന്ദ്ര കമ്മറ്റിക്ക് അതിലെ ഒരംഗത്തെ നീക്കം ചെയ്യാവുന്നതാണ്. ഇങ്ങനെ നീക്കം ചെയ്യുന്നതിന് ആവശ്യമായ വോട്ടിംഗിൽ മൂന്നിൽ രണ്ട് അംഗങ്ങളെങ്കിലും ഹാജരായിരിക്കുകയും കേന്ദ്രകമ്മിറ്റിയിലെ മൊത്തം അംഗബലത്തിന്റെ പകുതിയിലേറെ വോട്ട് ചെയ്തിരിക്കുകയും വേണം.

b) മൊത്തം അംഗങ്ങളുടെ ഭൂരിപക്ഷത്തിന്റെ തീരുമാനപ്രകാരം കേന്ദ്രകമ്മിറ്റിയിലുണ്ടാകുന്ന ഒഴിവുകൾ കോ-ഓപ്ഷൻ വഴി നികത്താവുന്നതാണ്.

c) കേന്ദ്ര കമ്മിറ്റി അംഗം/അംഗങ്ങൾ അറസ്റ്റ് ചെയ്യപ്പെടുകയും ദീർഘനാളത്തേക്ക് തടവിലാക്കപ്പെടുകയും ചെയ്യുന്ന സന്ദർഭത്തിൽ അവശേഷിക്കുന്ന കേന്ദ്രകമ്മിറ്റി അംഗങ്ങളിൽ മൂന്നിൽ രണ്ടിന്റെ ഭൂരിപക്ഷത്തോടെ ഒഴിവുകൾ കോപ്റ്റ് ചെയ്യാനോ നികത്തുവാനോ അധികാരം ഉണ്ടായിരി ക്കുന്നതും, അപ്രകാരമുള്ള അംഗങ്ങൾക്കും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ എല്ലാ അവകാശവും ഉണ്ടായിരിക്കുന്നതുമാണ്. ഇത് താഴെ തലത്തിലുള്ള കമ്മിറ്റികൾക്കും ബാധകമായിരിക്കും.

8. കൺട്രോൾ കമ്മീഷനിൽ ഉണ്ടാകുന്ന ഒഴിവുകൾ കേന്ദ്രകമ്മിറ്റിക്കു നികത്താവുന്നതാണ്. മൂന്നിൽ രണ്ട് അംഗങ്ങൾ ഹാജരായി വോട്ടിങ്ങിൽ പങ്കെടുക്കണം. കേന്ദ്രകമ്മിറ്റി അംഗങ്ങളുടെ മൊത്തം അംഗബലത്തിന്റെ പകുതിയിലേറെ പേർ സ്ഥാനാർത്ഥിക്ക് അനുകൂലമായി വോട്ട് ചെയ്തിരിക്കുകയും വേണം.

9. രണ്ടു കേന്ദ്ര കമ്മിറ്റി യോഗങ്ങൾ തമ്മിലുള്ള ഇടവേള നാലുമാസത്തിലേറെയകാൻ പാടില്ല. ആകെ അംഗങ്ങളുടെ മൂന്നിലൊന്നു പേർ എപ്പോൾ ആവശ്യപ്പെട്ടാലും കേന്ദ്രകമ്മിറ്റി യോഗം വിളിച്ചു ചേർക്കേണ്ടതാണ്.

10. കേന്ദ്ര കമ്മിറ്റി രാഷ്ട്രീയ സംഘടനാ പ്രശ്നങ്ങളും ബഹുജന പ്രവർത്തനത്തിലെ പ്രശ്നങ്ങളും ചർച്ച ചെയ്യുകയും തീരുമാനങ്ങളെടുക്കുകയും ബഹുജന സംഘടനകളിലെ അഖിലേന്ത്യാ പാർട്ടി ഫ്രാക്ഷനുകളെയും, സംസ്ഥാന കമ്മിറ്റികളെയും നയിക്കുകയും വേണം.

11. പാർട്ടി കോൺഗ്രസ് ചേരുന്ന സമയത്ത് കേന്ദ്ര കമ്മിറ്റി അതിന്റെ രാഷ്ട്രീയവും സംഘടനാപരവുമായ റിപ്പോർട്ട് സമർപ്പിക്കണം.

12. കേന്ദ്ര കമ്മിറ്റി അതിന്റെ പ്രസിദ്ധീകരണങ്ങൾക്കുവേണ്ടി പത്രാധിപസമിതിയെ നിയോഗിക്കുന്നതാണ്. പത്രാധിപസമിതി കേന്ദ്ര കമ്മിറ്റിയുടെ നേതൃതേവതേതിൻകീഴിലും നിയന്ത്രണത്തിലും പ്രവർത്തിക്കേണ്ടതാണ്.

13. എല്ലാ സാഹചര്യങ്ങളേയും അഭിമുഖീകരിക്കുവാൻ കഴിവുറ്റ സംഘടന കെട്ടിപ്പടുക്കാൻ കേന്ദ്രകമ്മിറ്റി എല്ലാ ഏർപ്പാടുകളും ചെയ്യണം. ചുറ്റുപാടുകൾ എന്തായാലും ഈ സമ്പ്രദായം നിർബന്ധമായും പിന്തുടരണം. മേൽ കമ്മിറ്റിയിൽ മുതൽ കീഴ് കമ്മിറ്റികൾ വരെ ഈ സമ്പ്രദായം പിന്തുടരണം.

## ആർട്ടിക്കിൾ XVIII

### സംസ്ഥാന, ജില്ല, ഏരിയ, ലോക്കൽ ബ്രാഞ്ച് കമ്മിറ്റികളും പാർട്ടി ഫ്രാക്ഷനുകളും

1. സംസ്ഥാന, ജില്ല, ഏരിയാ, (താലൂക്ക്, ബ്ലോക്ക്) ലോക്കൽ (ഗ്രാമപഞ്ചായത്ത്, ടൗൺ പഞ്ചായത്ത്) ബ്രാഞ്ച് (വാർഡ്) എന്നിവയുടെ പരമോന്നത ബോഡി സംസ്ഥാന, ജില്ല, ഏരിയാ, ലോക്കൽ ബ്രാഞ്ച് സമ്മേളനങ്ങളായിരിക്കും. ഇത് സംസ്ഥാന, ജില്ല, ഏരിയാ, ലോക്കൽ ബ്രാഞ്ച് കമ്മറ്റികളെ തെരഞ്ഞടുക്കും.

2. a) സംസ്ഥാന, ജില്ല, ഏരിയാ, ലോക്കൽ ബ്രാഞ്ച് പാർട്ടി നേതൃത്വങ്ങളുടെ ഘടനയും അവകാശങ്ങളും പ്രവർത്തന രീതിയും അഖിലേന്ത്യാ തലത്തിൽ പാർട്ടി ഘടനയേയും പ്രവർത്തന രീതിയേയും കുറിച്ച് വിശദീകരിക്കുന്നതിനെക്കുറിച്ച് വിശദീകരിക്കുന്ന ആർട്ടിക്കുകളുകളിൽ പറഞ്ഞിരിക്കുന്ന സദൃശ്യമാണ്. അവരുടെ പ്രവർത്തനങ്ങൾ സംസ്ഥാന, ജില്ല, ഏരിയാ, ലോക്കൽ ബ്രാഞ്ച് വിഷയങ്ങളിൽ ഒതുങ്ങി നിൽക്കുന്നതും അവരുടെ തീരുമാനങ്ങൾ തൊട്ടടുത്ത മേൽ കമ്മിറ്റി നേതൃത്വത്തിന്റെ തീരുമാനങ്ങളുടെ പരിധിക്കുള്ളിലുള്ളതുമായിരിക്കണം.

b) സംസ്ഥാന, ജില്ല, ഏരിയാ, ലോക്കൽ ബ്രാഞ്ച് കമ്മിറ്റികൾ ഒരു സെക്രട്ടറിയേയും ആവശ്യമാകുമ്പോൾ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയേയും തെരഞ്ഞെടുക്കേണ്ടതാണ്.

c) ഒരു പൊതു തത്വം എന്ന നിലയിൽ, ടൗൺ പഞ്ചായത്ത്/ഗ്രാമപഞ്ചായത്തുകളിൽ മൂന്ന് ബ്രാഞ്ച് കമ്മിറ്റികളെങ്കിലും ഉണ്ടങ്കിൽ മാത്രം ലോക്കൽ കമ്മിറ്റിയും താലൂക്ക്/ബ്ലോക്കുകളിൽ മൂന്ന് ലോക്കൽ കമ്മിറ്റികളെങ്കിലും ഉണ്ടെങ്കിൽ മാത്രം ഏരിയ കമ്മിറ്റിയും മൂന്ന് ഏരിയ കമ്മിറ്റികളെങ്കിലും ഉണ്ടെങ്കിൽ മാത്രം ജില്ലാ കമ്മിറ്റിയും രൂപീകരിക്കേണ്ടതുള്ളു.

3. a) പ്രദേശത്തിന്റെയോ തൊഴിലിന്റെയോ, അടിസ്ഥാനത്തിൽ സംഘടിക്കപ്പെട്ട പാർട്ടി ബ്രാഞ്ച് കമ്മിറ്റിയായിരിക്കും പാർട്ടിയുടെ പ്രാഥമിക ബോഡി.

b) പാർട്ടി അംഗങ്ങൾ ഒരു ഫാക്ടറിയിലോ സ്ഥാപനത്തിലോ ഏതെങ്കിലും വ്യവസായത്തിലോ പണിയെടുക്കുന്നവരാണെങ്കിൽ അവരുടെ തൊഴിലിന്റെയോ ജീവിത വൃത്തിയുടേയോ അടിസ്ഥാനത്തിൽ അവരെ സംഘടിപ്പിക്കേണ്ടതാണ്. അത്തരത്തിലുള്ള യൂണിറ്റുകൾ സംഘടിപ്പിക്കുമ്പോൾ ആ യൂണിറ്റിലെ അംഗങ്ങൾ താമസ സ്ഥലത്തുള്ള പാർട്ടി

യൂണിറ്റിലെ അസോസിയേറ്റ് അംഗങ്ങളായിരിക്കും. അല്ലെങ്കിൽ അവ സഹായക യൂണിറ്റായി സംഘടിപ്പിക്കേണ്ടതാണ്. അവരുടെ താമസസ്ഥലത്ത് അവർക്കായി നിശ്ചയിക്കുന്ന പ്രവർത്തനങ്ങൾ ഫാക്ടറിയിലേയോ സ്ഥാപനത്തിലേയോ പ്രവർത്തി സ്ഥലത്തെയോ അടിസ്ഥാന യൂണിറ്റുകളിൽ അവർക്കായി നിശ്ചയിച്ചിട്ടുള്ള പ്രവർത്തനത്തെ ദോഷകരമായി ബാധിക്കരുത്.

c) ഒരു ബ്രാഞ്ചിലെ അംഗങ്ങളുടെ എണ്ണം, അതിന്റെ ഘടന, പ്രവർത്തനങ്ങൾ, ബ്രാഞ്ചുമായോ യൂണിറ്റുമായോ ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ നിശ്ചയിക്കുന്നത് സംസ്ഥാന കമ്മിറ്റിയായിരിക്കും. ഗ്രാമങ്ങളിലേയും വാർഡുകളിലേയും ബ്രാഞ്ചു കമ്മിറ്റികൾ മുഖേനയും ഗ്രാമ/ടൗൺ പഞ്ചായത്തുകളിലെ ലോക്കൽ കമ്മിറ്റികൾ മുഖേനയും അടിത്തട്ട് തലത്തിൽ പാർട്ടി കെട്ടിപ്പടുക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ നടപ്പാക്കുന്നത് ഉറപ്പുവരുത്തുകയും പരിപാടിയുടെ അടിസ്ഥാനത്തിലുള്ള ബദൽ വികസന മാതൃക ലോക്കൽ കമ്മിറ്റികൾ വഴി മുന്നോട്ടുവെക്കുകയും അടിത്തട്ടുതലത്തിൽ പഠനക്ലാസ്സുകൾ സംഘടിപ്പിച്ചുകൊണ്ട് ഗ്രാമ/ടൗൺ പഞ്ചായത്തുകൾ പ്രവർത്തന നിരതമാവുകയും അതിനുവേണ്ടി പോരാടുകയും വേണം.

4. സംസ്ഥാന പത്രവും പ്രസിദ്ധീകരണങ്ങളും കേന്ദ്ര കമ്മിറ്റിയുടെ രാഷ്ട്രീയ സംഘടനാ ലൈലിന്അനുകൂലമായിരിക്കണം.

## ആർട്ടിക്കിൾ XIX

### കേന്ദ്ര കൺട്രോൾ കമ്മീഷൻ

3. തിരഞ്ഞെടുപ്പ് രീതി കമ്മറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പ് രീതിയിലായിരിക്കും.

4. കേന്ദ്ര കൺട്രോൾ കമ്മീഷൻ അംഗങ്ങൾ കേന്ദ്ര കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കേണ്ടതും വോട്ട് രേഖപ്പെടുത്തുവാൻ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതുമായിരിക്കും. എന്നാൽ അച്ചടക്കത്തോടെ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

a) കേന്ദ്രകമ്മിറ്റിയോ പോളിറ്റ്ബ്യൂറോയോ റഫർ ചെയ്യുന്ന വിഷയങ്ങൾ.

b) കേന്ദ്രകമ്മിറ്റി സ്വീകരിച്ച അച്ചടക്ക നടപടികൾ.

c) കേന്ദ്രകമ്മിറ്റി അംഗത്വത്തിൽനിന്നും പുറത്താക്കുവാൻ തീരുമാനിച്ചതിനെതിരെ ബന്ധപ്പെട്ട അംഗം ബോധിപ്പിക്കുന്ന അപ്പീൽ.

d) കേന്ദ്രകമ്മിറ്റി സ്വീകരിച്ച എല്ലാ അച്ചടക്ക നടപടികളും കേന്ദ്രകൺട്രോൾ കമ്മീഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. മൂന്നിൽ രണ്ടുഭാഗം കേന്ദ്രകമ്മിറ്റി അംഗങ്ങൾ ഹാജരായി എതിർത്ത് വോട്ട് രേഖപ്പെടുത്തുകയോ ഏതെങ്കിലും സന്ദർഭത്തിൽ കേന്ദ്രകമ്മിറ്റി അംഗങ്ങളിൽ പകുതിയിൽ കൂടുതൽ ആളുകൾ എതിർത്ത് വോട്ട് ചെയ്യുകയോ ചെയ്യുന്ന സന്ദർഭമൊഴിച്ച് സാധാരണഗതിയിൽ കേന്ദ്രകൺട്രോൾ കമ്മീഷന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും. (കേന്ദ്ര കൺട്രോൾ കമ്മീഷൻ അംഗങ്ങൾ വോട്ടിങ്ങിന് പങ്കെടുക്കുന്നതല്ല.)

7. എല്ലാ സംസ്ഥാനസമ്മേളനങ്ങൾക്കും സംസ്ഥാന കൺട്രോളർ കമ്മീഷനെ രൂപീകരിക്കുവാൻ അവകാശമുണ്ടായിരിക്കും. സംസ്ഥാനങ്ങളിലേക്ക് രൂപീകരിക്കപ്പെട്ടുകൊണ്ട് മുകളിൽ രണ്ടുപേരെ സംസ്ഥാന കൺട്രോളറിനും ബാധകമായിരിക്കും. പ്രസ്തുത വകുപ്പുകളിൽ കേന്ദ്ര കമ്മിറ്റി എന്നും പോളിറ്റ്ബ്യൂറോ എന്നും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട സംസ്ഥാന കമ്മിറ്റിക്കും സംസ്ഥാന കൺട്രോളർ കമ്മീഷൻ സംസ്ഥാനത്തെ ഏതെങ്കിലും പാർട്ടി ഘടകത്തെയും അച്ചടക്ക

നടപടി സംസ്ഥാന കൺട്രോളർ കമ്മീഷണനു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. സംസ്ഥാന കമ്മിറ്റിവരെയുള്ള എല്ലാ പാർട്ടി കമ്മിറ്റികൾക്കും അച്ചടക്കം നടപടികളിന്മേലുള്ള തീരുമാനങ്ങൾ ക്കെതിരെ തൊട്ടുമുകളിലെ കമ്മിറ്റിക്ക് അപ്പീൽ നൽകാവുന്നതാണ്.

9. സംസ്ഥാന കൺട്രോൾ കമ്മീഷന്റെ തീരുമാനത്തിനുമേൽ അച്ചടക്ക നടപടിയിൽ സംസ്ഥാന കമ്മിറ്റി എടുത്ത അന്തിമ തീരുമാനത്തിനെതിരെ കേന്ദ്രകമ്മിറ്റിക്കും അപ്പീൽ നൽകാവുന്നതും കേന്ദ്ര കൺട്രോളൾ കമ്മീഷൻ തീരുമാനത്തിനുശേഷം കേന്ദ്രകമ്മിറ്റി എടുത്ത തീരുമാനത്തിനെതിരെ പാർട്ടി കോൺഗ്രസിലും നൽകാവുന്നതാണ്. 10.

കേന്ദ്രകമ്മിറ്റിയും സംസ്ഥാന കമ്മിറ്റിയും കേന്ദ്ര-സംസ്ഥാന കൺട്രോൾ കമ്മീഷനുകളുടെ പ്രവർത്തനങ്ങ ൾക്കുവേണ്ടി ചട്ടങ്ങൾ രൂപീകരിക്കേണ്ടതാണ്.

## ആർട്ടിക്കിൾ XI XA

### മേഖല കോ–ഓഡിനേഷൻ കമ്മിറ്റി

കിഴക്കൻ മേഖല, തെക്കൻ മേഖല, പടിഞ്ഞാറ് മേഖല, വടക്കൻ മേഖല എന്നീ രീതിയിൽ മേഖലാ കോ-ഓർഡിനേഷൻ കമ്മിറ്റികൾ ഉണ്ടായിരിക്കും.

2. കേന്ദ്രകമ്മിറ്റി ബന്ധപ്പെട്ട മേഖല കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കും.

3. മേഖലാ കോ-ഓർഡിനേഷൻ കമ്മിറ്റിയിലെ അംഗങ്ങൾ താഴെ പറയും പ്രകാരം ആയിരിക്കും.

a മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങൾ നിന്നുമുള്ള കേന്ദ്ര കമ്മിറ്റി അംഗങ്ങൾ.

b) മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാന കമ്മിറ്റിയുടെയോ സംസ്ഥാന സംഘടനാ കമ്മിറ്റിയെയും പ്രതിനിധീകരിക്കുന്ന സെക്രട്ടറിമാർ.

c) മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങളിൽനിന്നുമുള്ള കേന്ദ്ര കൺട്രോളർ കമ്മീഷൻ അംഗങ്ങൾ.

4. കേന്ദ്രകമ്മിറ്റി തീരുമാനിക്കുന്ന ഒരു പോളിറ്റ് ബ്യൂറോ അംഗമായിരിക്കും ഓരോ മേഖലാ കോ-ഓർഡിനേഷന്റെയും കൺവീനർ.

5. മേഖല കോ-ഓർഡിനേഷൻ കമ്മിറ്റി രണ്ടു മാസത്തിലൊരിക്കലോ രണ്ടു കേന്ദ്രകമ്മിറ്റികൾക്കിടയിലോ അല്ലെങ്കിൽ ആവശ്യാനുസരണമോ ചേരേണ്ടതാണ്.

## ആർട്ടിക്കിൾ XX

### പൊതു സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന പാർട്ടി അംഗങ്ങൾ

1. പാർലമെന്റുകൾ, അസംബ്ലികൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവ അടക്കമുള്ള വിവിധ പൊതുസമിതികളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന പാർട്ടി അംഗങ്ങൾ അതാത് പാർട്ടി കമ്മിറ്റികളുടെ കീഴിൽ പ്രവർത്തിക്കേണ്ടതാണ്. ഒരംഗത്തിൽ കൂടുതൽ ഉണ്ടെങ്കിൽ പാർട്ടിയുടെ നയങ്ങൾക്കും തീരുമാനങ്ങൾക്കും ലൈനിനും ഏറ്റവും അനുയോജ്യമായ രീതിയിൽ ഒരു പാർട്ടി ഗ്രൂപ്പ് രൂപീകരിക്കുകയും പ്രവർത്തിക്കുകയും വേണം. ഇവർ എല്ലായ്പ്പോഴും യാതൊരു വ്യതിചലനവുമില്ലാതെ ജനതാൽപര്യങ്ങളെ പ്രതിനിധീകരിക്കുകയും പാർട്ടിയുടെ നയങ്ങളെ ഉയർത്തിപ്പിടിക്കുകയും പ്രചരിപ്പിക്കുകയും ജനകീയ പ്രസ്ഥാനത്തെ പ്രതിഫലിപ്പിക്കുകയും വേണം. അവർ ഉയർന്ന രീതിയിൽ വ്യക്തിപരമായ ആർജ്ജവത്വം നിലനിർത്തണം. ഒട്ടും പ്രകടനപരമല്ലാത്ത ജീവിതം നയിക്കണം. അവരുടെ എല്ലാ ഇടപാടുകളിലും ബന്ധങ്ങളിലും ജനങ്ങളെയും പാർട്ടിയെയും എല്ലാത്തിനെക്കാളും മുന്നിൽ നിർത്തിക്കൊണ്ട് മിതത്വം പ്രകടിപ്പിക്കണം.

2. അതാത് പാർട്ടി കമ്മിറ്റി നിശ്ചയിക്കുന്ന ഒരു ലെവി, അവരുടെ വരുമാനത്തിൽ നിന്നുള്ളത്, അവർ മുടക്കം കൂടാതെ ക്രമമായി അടയ്ക്കേണ്ടതാണ്.

3. അവരുടെ പ്രവർത്തനത്തെ കുറിച്ചുള്ള ക്രമമായ റിപ്പോർട്ടുകൾ വോട്ടർമാർക്കും ജനങ്ങൾക്കും നൽകുകയും അവരുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും തേടുകയും വേണം.

4. പാർലമെന്റ് തെരഞ്ഞെടുപ്പിലേക്കുള്ള എല്ലാ സ്ഥാനാർത്ഥികളുടെയും നാമനിർദ്ദേശങ്ങൾ കേന്ദ്രകമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമാണ് സംസ്ഥാന നിയമസഭകളിലേക്കുള്ള കേന്ദ്രഭരണ പ്രദേശങ്ങളിലുള്ള കൗൺസിലുകളിലേക്കുള്ളതുമായ പാർട്ടി സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശങ്ങളിന്മേൽ അതാത് സംസ്ഥാന കമ്മിറ്റികൾ തീർപ്പുകൽപ്പിക്കുന്നതും പ്രഖ്യാപിക്കുന്നതുമാണ്. കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, ജില്ലാ ബോർഡുകൾ, പ്രാദേശിക സമിതികൾ, പഞ്ചായത്തുകൾ എന്നിവിടങ്ങളിലേക്കുള്ള പാർട്ടി സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശങ്ങളുടെ ചട്ടങ്ങൾ സംസ്ഥാന കമ്മിറ്റികൾ രൂപപ്പെടുത്തേണ്ടതാണ്.

## ആർട്ടിക്കിൾ XXI

### ഉൾപ്പാർട്ടി ചർച്ചകൾ

പാർട്ടിയെ ഐക്യപ്പെടുത്തുന്നതിനും ബഹുജന ലൈൻ വികസിപ്പിച്ചെടുക്കുന്നതിനും ഉൽപ്പാർട്ടി ചർച്ചകൾ പാർട്ടി ജീവിതത്തിന്റെ തുടർച്ചയായുള്ള സവിശേഷതയായിരിക്കണം. അത്തരത്തിലുള്ള ചർച്ചകൾ അഖിലേന്ത്യാ തലത്തിലും പാർട്ടി സംഘടനയുടെ വിവിധ തലങ്ങളിലും പ്രശ്നങ്ങളുടെ പ്രകൃതമനുസരിച്ച് സംഘടിപ്പി ക്കേണ്ടതാണ്.

2. താഴെപ്പറയുന്ന രീതികളിൽ ഉൾപാർട്ടി ചർച്ചകൾ സംഘടിപ്പിക്കാവുന്നതാണ്.

a) രാജ്യത്തെയോ സംസ്ഥാനത്തെയോ ബാധിക്കുന്ന പ്രാധാന്യമുള്ള പ്രശ്നങ്ങൾ പെട്ടെന്നുള്ള തീരുമാനങ്ങൾ ആവശ്യമില്ലെങ്കിൽ തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പ് കേന്ദ്രകമ്മിറ്റിക്കോ സംസ്ഥാന കമ്മിറ്റിക്കോ ഉൾപാർട്ടി ചർച്ചകൾ സംഘടിപ്പിക്കാവുന്നതാണ്.

b) പാർട്ടി നയത്തെ സംബന്ധിച്ച് ഏതെങ്കിലും പ്രധാന പ്രശ്നങ്ങൾ കേന്ദ്ര കമ്മിറ്റിയിലോ സംസ്ഥാന കമ്മിറ്റിയിലോ വേണ്ടത്ര ഭൂരിപക്ഷം ഇല്ലാതിരിക്കുമ്പോൾ.

c) മൊത്തം പാർട്ടി അംഗബലത്തിന്റെ മൂന്നിൽ ഒന്നു പേർ പ്രതിനിധീകരിക്കുന്ന സംസ്ഥാന കമ്മിറ്റികൾ അഖിലേന്ത്യാ തലത്തിൽ ഒരു ഉൾപാർട്ടി ചർച്ചയ്ക്ക് ആവശ്യപ്പെടുമ്പോഴും ഇതേ അനുപാതത്തിൽ സംസ്ഥാനത്തിലെ മൊത്തം അംഗബലത്തിൽപെട്ടവർ ജില്ലാ കമ്മിറ്റികളെ പ്രതിനിധീകരിച്ചു സംസ്ഥാനതലത്തിൽ ഒരു ഉൾപ്പാട്ടി ചർച്ചയ്ക്ക് ആവശ്യപ്പെടുമ്പോഴും.

3. ചർച്ചയുടെ വിഷയങ്ങൾ കേന്ദ്രകമ്മിറ്റിയോ സംസ്ഥാന കമ്മറ്റിയോ നിശ്ചയിക്കുന്നതും അവയുടെ നേതൃത്വത്തിൻ കീഴിൽ ഉൾപാർട്ടി ചർച്ചകൾ നടത്താവുന്ന താണ്. ചർച്ചയെ നയിക്കുന്ന പാർട്ടി കമ്മിറ്റി ഏത് രീതിയിലാണ് ചർച്ചകൾ നടത്തേണ്ടതെന്ന നിർദ്ദേശം മുന്നോട്ടു വെക്കേണ്ടതാണ്.

4. ചില രാഷ്ട്രീയ പ്രത്യയശാസ്ത്ര പ്രശ്നങ്ങൾ, കേന്ദ്രകമ്മിറ്റിയുടെ അനുമതിയോടെ സംഘടനയ്ക്ക് പുറത്തുവെച്ചും ഡിബേറ്റുകളും ചർച്ചകളും നടത്താവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ സംഘടനയുടെ ഐക്യത്തിനും ഇന്ത്യൻ വിപ്ലവത്തിനും പ്രതികൂലമായി ബാധിക്കാത്ത രീതിയിലായിരിക്കണം.

## ആർട്ടിക്കിൾ XXII

### ബഹുജന സംഘടനകളിൽ പ്രവർത്തിക്കുന്ന പാർട്ടി അംഗങ്ങൾ.

ബഹുജനങ്ങളുടേയും ബഹുജന സംഘടനകളുടേയും ഇടയിൽ പ്രവർത്തിക്കുന്ന പാർട്ടി അംഗങ്ങളും നിർവ്വാഹക സമിതി അംഗങ്ങളും ഫ്രാക്ഷനുകളോ ഫ്രക്ഷൻ കമ്മിറ്റികളോ രൂപീകരിച്ച് അതാത് പാർട്ടി കമ്മിറ്റികളുടെ നിർദ്ദേശമനുസരിച്ച് അതിന് കീഴിൽ പ്രവർത്തിക്കുകയും വേണം. ബന്ധപ്പെട്ട ബഹുജന സംഘടനകളുടെ സമരശേഷിയും ബഹുജന അടിത്തറയും ശക്തിപ്പെടുത്താൻ എല്ലായ്പ്പോഴും അവർ ശ്രമിക്കേണ്ടതുണ്ട്.

## ആർട്ടിക്കിൾ XXII

### ധനകാര്യം

1. പാർട്ടിയുടെ ധനാഗമ മാർഗ്ഗങ്ങൾ, മെമ്പർഷിപ്പ് ഫീസ്, പാർട്ടി അംഗങ്ങളുടെ ലെവി, ജനകീയ പ്രസ്ഥാനങ്ങളിൽ നിന്നും അനുഭാവികളായ വ്യക്തികളിൽ നിന്നും ലഭിക്കുന്നു സംഭാവനകൾ എന്നിവയായിരിക്കും.
2. പാർട്ടിയുടെ കേന്ദ്ര ഘടകത്തെ ചലിപ്പിക്കുന്നതിന് ഓരോ വർഷവും കേന്ദ്ര കമ്മിറ്റി തീരുമാനിക്കുന്നത് അനുസരിച്ച് പാർട്ടി ഫണ്ടിലൂടെ ഓരോ സംസ്ഥാന കമ്മിയും നൽകേണ്ട ഫണ്ടിന്റെ കൽപ്പിതാംശമോ പ്രത്യേക പാർട്ടി ഫണ്ടോ സ്വരുപിക്കാവുന്നതാണ്.
3. പോളിറ്റ്ബ്യൂറോ ഒരോ വർഷത്തെയും അക്കൗണ്ടുകൾ അംഗീകാരത്തിനുവേണ്ടി കേന്ദ്ര കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.
4. സംസ്ഥാന, ജില്ലാ തലങ്ങളിൽ അതാതു കമ്മിറ്റികളുടെ സെക്രട്ടറിയേറ്റുകൾ ഓരോ വർഷത്തേയും കണക്കുകൾ അംഗീകാരത്തിനു വേണ്ടി സംസ്ഥാന ജില്ലാ കമ്മിറ്റികൾക്ക് സമർപ്പിക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിന്റെ ഒരു പകർപ്പ് തൊട്ടടുത്ത മേൽ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.
5. ബന്ധപ്പെട്ട കേന്ദ്ര കമ്മിറ്റിയും സംസ്ഥാന കമ്മിറ്റിയും സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കേണ്ടതും അതുമായി ബന്ധപ്പെട്ട അനുബന്ധ പ്രശ്നങ്ങൾക്കും വേണ്ടി ചട്ടങ്ങൾ ഉണ്ടാക്കേണ്ടതുമാണ്.
6. കേന്ദ്ര കമ്മിറ്റിയുടേയും സംസ്ഥാന കമ്മിറ്റിയുടേയും കണക്കുകൾ ഓഡിറ്റു ചെയ്യുവാൻ അതാത് കമ്മിറ്റിയിൽ നിന്നും 2 അംഗങ്ങളെ ചുമതലപ്പെടുത്തേണ്ടതും അപ്രകാരം ഓഡിറ്റ് ചെയ്ത റിപ്പോർട്ട് കോൺഗ്രസ്സിലും സംസ്ഥാന സമ്മേളനത്തിലും അവതരിപ്പിക്കേണ്ടതും തുടർ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. കീഴ്കമ്മിറ്റിയിലെ കണക്കുകൾ രണ്ടു അംഗങ്ങളിൽ കുറയാത്ത സംസ്ഥാനകമ്മിറ്റിയുടെ ഒരു പാനൽ ഓഡിറ്റു ചെയ്യേണ്ടതാണ്.

## ആർട്ടിക്കിൾ XXIV

### നിയമാവലികൾ

കേന്ദ്ര കമ്മിററിക്ക് പാർട്ടി ഭരണഘടനയുടെ കീഴിൽ നിന്നുകൊണ്ട് അതിനു യോജ്യമായ രീതിയിൽ നിയമങ്ങളും നിയമാവലിയും രൂപ കൽപ്പന ചെയ്യാവുന്നതാണ്. കേന്ദ്ര കമ്മിറ്റിയുടെ അംഗീകാരത്തോടെ പാർട്ടി ഭരണഘടനയുടെ കീഴിൽ നിന്നുകൊണ്ടും അതിന് യോജ്യമായ രീതിയിലും നിയമങ്ങളും നിയമാവലിയും സംസ്ഥാന കമ്മിറ്റികൾക്കും രൂപകൽപന ചെയ്യാവുന്നതാണ്.

## ആർട്ടിക്കിൾ XXV

### ഭേദഗതി

പാർട്ടി കോൺഗ്രസ്സിനു മാത്രമെ പാർട്ടി ഭരണഘടന ഭേദഗതി ചെയ്യാൻ കഴിയൂ. ഭരണഘടനയിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശങ്ങളുടെ അറിയിപ്പ് പാർട്ടി കോൺഗ്രസ്സിന് 2 മാസം മുമ്പ് നൽകിയിരിക്കണം.

## ആർട്ടിക്കിൾ XXVI

### ജനാധിപത്യ നിയമം പ്രകാരം 29 A (5) കൽപ്പിക്കുന്ന വ്യവസ്ഥ

"കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ് ലെനിസ്റ്റ്) നിയമത്താൽ സ്ഥാപിതമായ ഇന്ത്യൻ ഭരണഘട നയോടും സോഷ്യലിസം, മതേതരത്വം, ജനാധിപത്യം എന്നീ തത്വങ്ങളോടു വിധേയത്വം പുലർത്തുകയും ഇന്ത്യയുടെ പരമാധികാരവും ഐക്യവും അഖണ്ഡതയും ഉയർത്തിപ്പിടിക്കുകയും ചെയ്യും."

(2022 സപ്തംബർ 24 മുതൽ 29 വരെ കോഴിക്കോട് വെച്ച് നടന്ന പാർട്ടി കോൺഗ്രസ്സ് അംഗീകരിച്ച ഭേദഗതികൾ ഉൾപ്പെടെ )